
BEACON

# വിദ്യാഭ്യാസം

'വിദ്യാധനം സർവ്വധനാൽ പ്രധാനം' വിദ്യാഭ്യാസം എന്നത് ഒരു കുട്ടിയുടെ അവകാശമാണ്. ഏതൊരു രക്ഷിതാക്കൾക്കും അവരുടെ കുട്ടികൾ വിദ്യാഭ്യാസം എന്ന കടമ ചെയ്ത് ഉയർന്ന സ്ഥാനത്ത് എത്തുന്നത് കാണാൻ വളരെയധികം ആഗ്രഹമുണ്ടാകും. അതുകൊണ്ട് നാം  ഉയർന്ന സ്ഥാനത്ത് എത്തി അവരെ സന്തോഷിപ്പിക്കണം. അവരുടെ സന്തോഷം മാത്രമല്ല, നമുക്ക് വളരെ ഉയർന്ന സ്ഥാനത്ത് എത്താനും ജോലി നേടാനും, വിദ്യാഭ്യാസം ആവശ്യമാണ്. അതുകൊണ്ട് വിദ്യാഭ്യാസം എന്നത് നാം നേടിയെടുക്കണം, അതിനു ശ്രമിക്കണം. ഒരു മനുഷ്യന്റെ വ്യക്തിത്വവികാസത്തിന് ജീവിതത്തിൽ വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസം ഇല്ലാതെ ഒരു ജോലിപോലും നേടാൻ കഴിയാതെ വിഷമിക്കുന്നവർ ഇപ്പോഴും ഉണ്ട്, അത് നമുക്കൊരു പാഠമാണ്. വിദ്യാഭ്യാസം നമ്മുടെ വിജയം.





# INTRODUCTION

The fast changing world has set new standards for success based on ever increasing quest for knowledge and excellence with pragmatic mindset. The minds of the little ones,when pricked and praised at the right time will erupt like a volcano where from flows the wonderful literary work. Each individual is an entity of immense potential and creativity which requires proper exploration and channelization.

Young students have a lot of potential within them which needs a proper channelization and outlet and the school magazine is one such outlet that provides these young potential the right platform where in they can express themselves in to a conglomeration. Education of a child begins by scribbling something in a SLATE. This is our first attempt to publish a school magazine. Therefore we named it ' BEACON'.

”BEACON” witnesses creative ideas, thoughts and imagination of our growing buds. As a mirror reflects the real image of a thing, our BEACON reflects the sum total of scholastic and co-scholastic activities of our children. It provides a lot of opportunities for them to express their hidden talents. It contains number of articles,poems,stories,drawings etc.

I express my sincere gratitude to the headmistress, editorial board,Little kite members,students and teachers to have been of immense help in breathing life into these pages.

With best wishes
LITTLE KITE MISTRESS

# MESSAGE



Now we are living in a technological world. Quite naturally we changed to express our ideas from paper to digital manner. As part of this our schools also become hi-techs. Little Kites groups are formed in each schools to speed up technological progress. Our dear Little kites are succeeded in making an excellent digital magazine “BEACON”. I appreciate the hard work done by the kites to make this magazine in a short period. I also thank all the teachers and staff who gave ample support to release this magazine.

I have no doubt that this magazine gave an opportunity to students to express their ideas in a better way. It encouraged the literal and artistic capabilities of each student. I hope that they will make larger creations in the future also.

Keep it up my dear kites,wish you a bright future.........

GEETHA.H
HEAD MISTRESS
GHSS SHIRIYA

# സന്ദേശം

വിജയത്തിന്റെ കടിഞ്ഞാൺ പ്രവർത്തനങ്ങളിലും പ്രവർത്തനത്തിന്റെ കടിഞ്ഞാൺ വാക്കിലും വാക്കിന്റെ കടിഞ്ഞാൺ ചിന്തയിലുമാണ്. അതുകൊണ്ട് തന്നെ ആദ്യം ചിന്തയിൽ മാറ്റം വരുത്തിക്കൊണ്ട് പുഞ്ചിരിയോടുകൂടി ജീവിക്കുവാൻ പരിശീലിക്കുക. ഈ ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് മനശക്തിയാണ്. ഈ ലോകം മുഴുവൻ കീഴടക്കുന്നതിനേക്കാളും ഈ ലോകത്തുള്ള മുഴുവൻ സമ്പത്ത് നേടുന്നതിനേക്കാളും മികച്ച സമ്പത്ത് മനസ്സിനെ നിയന്ത്രിക്കലാണ്. നിലവിലുള്ള സാഹചര്യത്തിൽ സന്തോഷിക്കാൻ മനസ്സിനെ സജ്ജരാക്കുന്നവരാണ് വിജയികൾ.

നല്ല ചിന്തയോടെ നല്ല വാക്കിലേക്കും നല്ല വാക്കിലൂടെ നല്ല പ്രവർത്തിയിലേക്കും നല്ല പ്രവർത്തനങ്ങളിലൂടെ വിജയത്തിലേക്കും മുന്നോട്ട് ഗമിച്ചുക്കൊണ്ടിരിക്കുന്ന ഷിറിയ സ്കൂളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക,ധാർമ്മികരംഗങ്ങളിൽ മറ്റുള്ള വിദ്യാലയങ്ങൾക്ക് മാതൃകയായിക്കൊണ്ട് നമ്മുടെ ഈ ലോകത്ത് തിളങ്ങുന്ന നക്ഷത്രങ്ങളായി ശോഭിക്കുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

കൈറ്റ് മിസ്ട്രസ്

# MESSAGE

Dear kites you pecked the beautiful creations from every nook and corners to make this excellent magazine “BEACON”.I have no doubt you will fly more heights in the future. Best wishes.....

SURENDRA CK
LITTLE KITE MASTER

# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഷിറിയ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ ഈ സരസ്വതി ക്ഷേത്രത്തിന്റെ വളർച്ചയുടെ പാതയിൽ ഒരു മുതൽക്കൂട്ടായി മാറട്ടെ.......

പിഞ്ചുമനസ്സുകളിലെ കൊച്ചു കൊച്ചു ഭാവനകൾ അക്ഷരച്ചിലമ്പണിയിച്ച് ഇതളുകൾ വിടർത്തുമ്പോൾ നന്മയുടെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ പാഠം സൗഹൃദയ ഹൃദയങ്ങളിൽ അനുഭവിക്കാൻ കഴിയട്ടെ.......

സർഗ്ഗവാസനകൾ അടിവെച്ചടിവെച്ച് ഉണരുവാൻ ഈ കലാസൃഷ്ടിക്ക് കഴിയട്ടെ.......

എല്ലാവിധ മംഗളങ്ങളും ആശംസകളും നേരുന്നു.......

**തങ്കമണി.പി.**

# സന്ദേശം

പ്രകൃതിക്ക് പ്രകാശം  വേണമെങ്കിൽ സൂര്യൻ വേണമെന്ന പോലെ മനുഷ്യൻ പ്രകാശിക്കണമെങ്കിൽ അക്ഷരങ്ങൾ ആവശ്യമാണ് ആ പ്രകാശ ധാരയാണ് ഷിറിയ ഹയർ സെക്കണ്ടറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ ഒരുക്കിയ ഡിജിറ്റൽ മാഗസിൻ .

അനുദിനം പുരോഗമിച്ച് കൊണ്ടിരിക്കുന്ന വൈജ്ഞാനിക ലോകത്ത് വിദ്യാർത്ഥികൾക്ക് അവരുടെ കലാ- സാംസ്കാരിക രംഗത്ത് കഴിവ് തെളിയിക്കാൻ ഈ സംരഭത്തിന് കഴിയട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നതോടോപ്പം സ്കൂളിനും അതുവഴി സമൂഹത്തിനും രാജ്യത്തിനും മുതല്കൂട്ടാകുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ ഇത്തരം പ്രവർത്തനത്തിലൂടെ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

ഷംസീർ എടച്ചേരിക്കണ്ടി
എച്ച് എസ് എ അറബിക്ക്

.

**അകം**

........................................................................................................8
हिंदुस्तान हमारा ........................................................................................10
എന്റെ വിദ്യാലയം ഒരു ഓർമ്മ........................................................................12
കാസർകോട് -ചരിത്രവും പൈതൃകവും..........................................................13
*കാസർഗോഡിന്റെ പൈതൃകപെരുമ*...........................................................22
കാസർഗോഡിന്റെ സാംസ്കാരിക പാരമ്പര്യം...............................................26
കാസർഗോഡ് കുള്ളനും ചില കൂട്ടുകാരും...................................................32
സ്നേഹിത.......................................................................................................38
**ವಿಶಾಲ ಕೇರಳ**..................................................................................................39
ഭൂമിയുടെ ചോരുന്ന കുട.................................................................................40
വിഷമിക്കേണ്ട,സമാധാനമുണ്ടാക്കാം..........................................................41
മഴവില്ല്.........................................................................................................42
അപ്പുവിന്റെ സഹായം...................................................................................43
ദാനം.............................................................................................................44
കലാം............................................................................................................45
**ಹೆದರಿದ ಕಳ್ಳ**................................................................................................47
**ನಮ್ಮ ದೇಶ**...................................................................................................48
ICE CREAM.....................................................................................................49
ABOUT MY MOTHER.......................................................................................50
*കാത്തിരിപ്പ്*......................................................................................................51
മധുരമാമ്പഴക്കാലം.......................................................................................52
**ಮಂಡನ ಪರಿಶೋಧನೆ ಹೀಗಿತ್ತು**.......................................................................53
**ನಾನೊಂದು ಹಕ್ಕಿಯಾಗುತ್ತಿದ್ದರೆ**.........................................................................54
*നഷ്ടങ്ങൾ*.....................................................................................................55
**ಗ್ರಾಮೀಣ ಜೀವನ ಮತ್ತು ನಗರ ಜೀವನ**.........................................................56
*ഉല്ലാസയാത്ര*...................................................................................................57
അച്ചടക്കം.....................................................................................................58
**ಗಿಳಿಯ ಬುದ್ಧಿವಾದ**..........................................................................................59
കറുത്ത മധുരം.............................................................................................60
*ശാപം*..........................................................................................................*65*
MY HOUSE.....................................................................................................66
OUR COUNTRY INDIA....................................................................................67
*ശ്രേഷ്ഠഭാഷ മണ്ണടിയുമോ?*..........................................................................68
**ಹಕ್ಕಿಯ ಸ್ವಾತಂತ್ರ್ಯ**..........................................................................................70
*തേടിയ വള്ളി കാലിൽ ചുറ്റി*..........................................................................71
*തത്തമ്മ*........................................................................................................72

ഉമ്മ=സ്നേഹം.....73
.....76
ರೈತ ಮತ್ತು ಹಕ್ಕಿ.....77
അമ്മ.....78
ಜಿ ಶಂಕರ ಕುರುಪ್.....84
പൊൻപുലരി.....85
വൃക്ഷം.....86
MY MOTHER.....87
WHO AM I.....88
ರುಚಿಯಾದ ಮಾವಿನ ಕಾಯಿ.....89
വിജ്ഞാനം വിശുദ്ധം.....90
ഒത്തൊരുമ.....91
മീനയും ദൊപ്പൃവും.....92
*ലക്ഷമണ രേഖ*.....93
*ದಾರಿ ದೀಪ*.....*95*
ಪ್ರಕೃತಿ.....96
SPORTS AND GAMES.....98
CLUB ACTIVITIES & DAY CELEBRATIONS.....99
FIELD TRIP.....100
DRAWINGS.....101

## हिंदुस्तान हमारा .

भारत संसार का ऐसा ताज है, जिसकी चमक विश्व भर फैली है । इसकी खुबसूरत भौगोलिक झलक, समय-समय पर रंग बदलते अनोखे मौसम, शान बनि संपन्न संस्कृति सब इस ताज मै जड़े हीरे हैं. । घने पेड़ों से सजे पर्वत, खिल-खिलाकर बहती नदियां, खाली घटा से अपने बालों को खोलकर झूमती बारीश, हरा घांघरा पहनकर नाचते लह-लहाते खेत सब भारत की अपनि विशेषताएं हैं. ।छहों ऋतुएं मेहमान बनकर मुसकुराती हुई इस देश से गुज़र जाती हैं।गर्मी, सर्दी और बारिश सबी यहां हर साल अतिथि बनकर आते हैं।ये फल,फूल,धूप,पानी जैसे कई नज़ारे लाते हैं ।जिससे सजे-धजता भारत देखने लायक है ।रहन-सहन,वेश-भूशा, खान-पान,भाषा तथा धर्म अलग-अलग होने पर बी भारत वासी एकता के साथ रहते हैं।सब हिंदुस्तानी कहलाते हैं, इनकी पहचान एक है।इसीलिए ही मशहूर शायर मुहम्मद इकबाल ने फ़रमाया-



*"सारे जहां से अच्छा हिंदोसितां हमारा ।"*



*मेरा भारत महान !!!*

# എന്റെ വിദ്യാലയം ഒരു ഓർമ്മ



കുട്ടിക്കാലത്ത് അച്ഛന്റെ കൈപിടിച്ച് കരഞ്ഞുകൊണ്ട് കയറി വന്ന എന്റെ വിദ്യാലയം. ആദ്യമെല്ലാം അമ്മയിൽ നിന്നും മാറിവന്നതിൽ വളരെ വിഷമമായിരുന്നു. പിന്നെ പിന്നെ കൂട്ടുകാരായി,പിരിയാൻ വയ്യാത്ത അടുപ്പമായി. പതുക്കെ പതുക്കെ അധ്യാപകരെയും ഇഷ്ടമായി. ഓരോ അക്ഷരങ്ങൾ വാക്കുകളായി മനസ്സിൽ പതിഞ്ഞു. പാഠങ്ങൾ ചിത്രങ്ങളായി മനസ്സിൽ കൂട്ടുകൂട്ടി. ഓരോ ദിവസവും പുതിയ അനുഭവമായിരുന്നു പാഠശാല എനിക്കു തന്നത്.

ഒരിക്കലും മറക്കാൻ കഴിയാത്ത കുറേയധികം സുഹൃത്തുക്കൾ. അവരോടൊത്തുള്ള പഠനം, കളി, ചിരി, ബഹളം, വെറുതെയുള്ള തമാശകൾ. മുതിർന്നപ്പോൾ ഗൗരവമായ പഠനം. ഇങ്ങനെ പിറകോട്ടു ചിന്തിക്കുമ്പോഴാണ് കഴിഞ്ഞുപോയ നാളുകൾ എത്ര മധുരമുള്ളതായിരുന്നുവെന്ന് ഓർക്കുന്നത്. വിജ്ഞാനത്തിന്റെ പല മേഖലകളിലേക്ക്. സുഹൃത്തുക്കളെപ്പോലെ പെരുമാറുന്ന അധ്യാപകർ. ഓരോ വർഷവും വിദ്യാലയത്തോടു വിട പറയുന്ന വിദ്യാർത്ഥികളുടെ മനസ്സിൽ എന്നും പഠിച്ചിരുന്ന കാലത്തെ ഓർമ്മകൾ മാത്രം.

ആഹ്ലാദവും ആവേശവും നിറഞ്ഞതായിരുന്ന എന്റെ വിദ്യാലയം. എന്നാൽ ഇനിയൊരു തിരിച്ചു വരവ് ഉണ്ടാവില്ല എന്നറിയാമെങ്കിലും ഓർമ്മകൾ മനസ്സിൽ അണയാത്ത വിളക്കു പോലെ മായാത്ത നക്ഷത്രം പോലെ ജ്വലിച്ചുനിൽക്കും.

## കാസർകോട് -ചരിത്രവും പൈതൃകവും




കേരളത്തിന്റെ വടക്കെയറ്റത്ത് കർണ്ണാടകയോട് ചേർന്ന് നിൽക്കുന്ന പ്രദേശമാണ് കാസർകോട്. വളരെ ശ്രദ്ധേയവും സവിശേഷവുമായ പൈതൃകവും ചരിത്രവും അവകാശപ്പെടാനാകുന്ന പ്രദേശമാണ് കാസർകോട്. ദൈർഘ്യമേറിയ ചരിത്രമാണ് ഈ നാടിനുള്ളത്. പഴയ തുളുനാടിന്റെ ഭാഗമാണിത്. മഞ്ചേശ്വരം മുതൽ തൃക്കരിപ്പൂർ വരെ നീണ്ടുനിൽക്കുന്ന പ്രദേശം. തുളുനാടിന്റെ തെക്കയതിർത്തി. തുളുനാടിന്റെ തെക്കെ അതിർത്തി ചന്ദ്രഗിരിയാണെന്നും തൃക്കരിപ്പൂർ ആണെന്നുമുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ  നിലവിലുണ്ട്. തുളു സംസാരിക്കുന്ന വിപുലമായ  ഒരു ജനസമൂഹം ചന്ദ്രഗിരി പുഴയ്ക്ക് തെക്ക് ഭാഗത്ത് ഉള്ളതിനാൽ തൃക്കരിപ്പൂർ ഒളവറ വരെ തുളുനാടിന്റെ ഭാഗങ്ങൾ തന്നെയായിരിക്കണം.



കാസർകോടിന്റെ രാഷ്ട്രീയ ചരിത്രം നിരവധി രാജവംശങ്ങളുമായും നാട്ടുവാഴികളുമായും ബന്ധപ്പെട്ട് കിടക്കുന്നതാണ്. ചരിത്രത്തിലുടനീളം, പ്രത്യേകിച്ച്, കൊളോണിയൽ ഭരണത്തിന്റെ ആരംഭത്തിന് മുമ്പ്, കാസർകോടിന്റെ രാഷ്ട്രീയ മേഖലയിൽ വ്യത്യസ്തമായ രണ്ട് അധികാര കേന്ദ്രങ്ങൾ കാണാവുന്നതാണ്.

ചന്ദ്രഗിരി പുഴ ഈ അധികാരകേന്ദ്രങ്ങളുടെ അതിരായി എന്നും നിലകൊണ്ടു. ചിലപ്പോൾ അതിനെ ഭേദിച്ച് കടന്നുപോകുന്നുണ്ട്. നൂറ്റാണ്ടുകളോളം ചന്ദ്രഗിരിയുടെ വടക്ക് ഭാഗം ആലുപ്പ അഥവാ തൗളവ രാജാക്കന്മാരുടെ നിയന്ത്രണത്തിലായിരുന്നു. ക്രിസ്തു വർഷം ഏഴാം നൂറ്റാണ്ടു മുതൽ 14-ാം നൂറ്റാണ്ടു വരെ ആലുപ്പന്മാർ തുളുനാട് ഭരിച്ചു. ബാർക്കൂർ മുതൽ കാസർകോട് വരെ ഇവരുടെ കീഴിലായിരുന്നു. പ്രസിദ്ധമായ തളങ്കര ശാസനത്തിൽ പരാമർശിക്കുന്ന ജയസിംഹ രാജാവ് ആലുപ്പന്മാരിൽ പ്രമുഖനായിരുന്നു. ഹേരൂരിൽ നിന്ന് ലഭിച്ച കന്നട ശാസനം മറ്റൊരു ആലുപ്പ രാജാവായ വീരകുലശേഖരന്റേതാണ്. പക്ഷേ ആലുപ്പന്മാർ വന്ന ഏഴാം നൂറ്റാണ്ടുമുമ്പ് കാസർകോടിന്റെ വിവിധ ഭാഗങ്ങളിൽ തുളു സംസാരിച്ചിരുന്ന മാവിലർ ആധിപത്യം ചെലുത്തിയിരുന്നു. ഇവരുടെ മാവിലർ/മായിലാർ കോട്ടകൾ കാസർകോടിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. മധൂർ, കാട്ടുക്കുക്കെ, ചിമേനി എന്നിവിടങ്ങളിൽ മാവിലർ കോട്ടകളുണ്ട്.

ആലുപ്പന്മാർ ചന്ദ്രഗിരിയുടെ വടക്കു ഭാഗത്ത് ഭരിച്ച സന്ദർഭത്തിൽ തെക്ക് മൂഷക രാജവംശത്തിന്റെ നിയന്ത്രണത്തിലായിരുന്നു. ഒപ്പം മഹോദയപുരം കേന്ദ്രമാക്കി ഭരിച്ചിരുന്ന പെരുമാൾക്കന്മാരുടെ സ്വാധീനവും (8-ാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടു വരെ) ഈ പ്രദേശത്തുണ്ടായിരുന്നു. കൊടവലം പെരുമാൾ ഭരണത്തിന്റെ സാക്ഷ്യപത്രമാണ്. പെരുമാൾ രാജവംശത്തിന്റെ തകർച്ചയെ തുടർന്ന് ഉയർന്ന് വന്ന കോലത്തിരിയുടെ കീഴിലായി പിന്നീട് ഈ പ്രദേശങ്ങൾ. നീലേശ്വരം രാജവംശം സ്ഥാപിക്കുന്ന സന്ദർഭത്തിൽ ഇന്നത്തെ ഹോസ്ദുർഗ്ഗ് താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക നാടുവാഴികളുണ്ടായിരുന്നു. ഏട്ടുകുടക്കീഴിൽ പ്രഭുക്കന്മാർ എന്നറിയപ്പെട്ട ഇവരിൽ പ്രമുഖർ അല്ലോഹലനും മന്നനും ആയിരുന്നു. ഇവരെ പരാജയപ്പെടുത്തിയാണ് കേരളവർമ്മ രാജകുമാരൻ നീലേശ്വരം രാജവംശം/അള്ളട രാജവംശം സ്ഥാപിച്ചത്. കാസർകോടിന്റെ സ്വന്തം രാജവംശങ്ങളാണ് കുമ്പള രാജവംശവും നീലേശ്വരം രാജവംശവും. ചന്ദ്രഗിരിയുടെ ഇരുഭാഗങ്ങളിൽ അവർ ഭരണം നടത്തി. ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കുന്ന



വരെ കുമ്പളയും നീലേശ്വരവും പ്രബലരായിരുന്നു.

ഇതിനിടയിൽ കാസർകോടിന് പുറത്തുനിന്ന് വിവിധ രാജവംശങ്ങൾ ഈ നാടിനെ നിയന്ത്രിക്കുവാൻ ശ്രമിച്ചുവിരുന്നുവെന്നതിന് തെളിവുകളുണ്ട്. കദമ്പ രാജവംശത്തിന്റെ സ്വാധീനം ഇവിടെയെത്തിയിരുന്നു. ക്രിസ്തു വർഷം അഞ്ച്, ആറ് നൂറ്റാണ്ടുകളിൽ കദമ്പരുടെ ആധിപത്യമായിരുന്നുവെന്ന വാദമുണ്ട്. അത് എത്രത്തോളം ശരിയായിരുന്നുവെന്ന് വ്യക്തമായി പറയാനാവില്ല. വിജയനഗരസാമ്രാജ്യത്വത്തിന്റെ പ്രതാപകാലത്ത് കാസർകോട് അതിന്റെ ഭാഗമായിരുന്നു. കടൽത്തീര ഉറമുഖങ്ങളെ നിയന്ത്രിക്കുന്നതിലൂടെ ലഭ്യമാക്കുന്ന വാണിജ്യകുത്തുക ലക്ഷ്യം വെച്ചുകൊണ്ടാണ് വിജയനഗരക്കാർ കാസർകോട്ടെത്തിയത്. കണ്ണൂരിന്റെ അതിർത്തി വരെ വിജയനഗരക്കാർ എത്തിയിരുന്നുവെന്ന് കെ.എം.പണിക്കർ പറയുന്നുണ്ട്. 16-ാം നൂറ്റാണ്ടിൽ ഇവരുടെ അധ:പതനത്തെ തുടർന്ന് ബദനൂർ ആസ്ഥാനമാക്കി നായക്കന്മാർ അധികാരത്തിലെത്തി. ഇവർ കാസർകോട് പ്രദേശത്തേയ്ക്ക് നിരന്തര പടയോട്ടം നടത്തുകയും സ്വാധീനം തളിപ്പറമ്പ് വരെ വ്യാപിക്കുകയും ചെയ്തിരുന്നു. ഇവരുടെ കാലത്താണ് കാസർകോടിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന കോട്ടകളെല്ലാം നിർമ്മിച്ചത്. ഇക്കേരി രാജവംശവും കോലത്തിരിയും നിരന്തരമായി ഈ നാടിനുവേണ്ടി ഏറ്റുമുട്ടി. വിജയപരാജയങ്ങൾ രണ്ട് കൂട്ടർക്കും ഉണ്ടായി. മൈസൂരിൽ സുൽത്താന്മാർ ശക്തരായപ്പോൾ അവരുടെ ശ്രദ്ധ മംഗലാപുരം വഴി കാസർകോട്ടെത്തി. ഹൈദരലിയും ടിപ്പുസുൽത്താനും നാല് പതിറ്റാണ്ട് കാലം കാസർകോടിനെ തങ്ങളുടെ കീഴിലാക്കി ഭരിച്ചു. മംഗലാപുരം മുതൽ പാലക്കാട് വരെയുള്ള പ്രദേശങ്ങൾ സുൽത്താന്മാരുടെ കീഴിൽ വന്നു. ഇവരെ പരാജയപ്പെടുത്തിയാണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി കാസർകോട് പ്രദേശം പിടിച്ചടക്കിയത്. നാലാം മൈസൂർ യുദ്ധത്തിൽ ടിപ്പു മരിച്ചു വീണതോടെ കമ്പനി കാസർകോടിന്റെ അധിപരായി. 1800 മുതൽ 1947 വരെ ഇംഗ്ലീഷ് ഭരണം ഇവിടെ തുടർന്നു. കാസർകോട് പ്രദേശം കയ്യിൽ വന്നപ്പോൾ അവർ ബേക്കൽ താലൂക്ക് രൂപീകരിച്ച് ഈ പ്രദേശങ്ങളെ കാനറ ജില്ലയുടെ ഭാഗമാക്കി. 1800 വരെ ഇത് തുടർന്നു. കാനറ ജില്ല ദക്ഷിണ കാനറ, നോർത്ത് കാനറ എന്നിങ്ങനെ വിഭജിക്കുകയും ദക്ഷിണ കാനറയെ മദ്രാസ് സംസ്ഥാനത്തോട് ചേർക്കുകയും ചെയ്തു. താലൂക്കിന്റെ ആസ്ഥാനം ബേക്കലിൽ നിന്ന് കാസർകോട്ടേയ്ക്ക് മാറ്റുകയും

പിന്നീട് കാസർകോട് താലൂക്ക് എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. 1956 വരെ കാസർകോട് മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായി തുടർന്നു. ഭാഷാസംസ്ഥാനരൂപീകരണത്തെ തുടർന്ന് കേരളം രൂപീകരിച്ചപ്പോൾ കാസർകോട് കേരളത്തിന്റെ ഭാഗമാകുകയും കണ്ണൂർ ജില്ലയുടെ ഒരു താലൂക്കായി മാറുകയും ചെയ്തു. 1984 ഓടെ കാസർകോട് ജില്ല നിലവിൽ വന്നു.

സംഭവബഹുലമായ ചരിത്ര പൈതൃകമുള്ള കാസർകോടിന്റെ സവിശേഷതയെന്താണ്? മറ്റൊരിടത്തുമില്ലാത്ത രൂപത്തിൽ എന്തുകൊണ്ടാണ് നിരന്തരമായി ഈ പ്രദേശം ആക്രമിക്കപ്പെട്ടത്? വളരെ പ്രധാനപ്പെട്ട ഈ ചോദ്യം കാസർകോടിന്റെ സമ്പദ് വ്യവസ്ഥയിലേക്ക് നമ്മുടെ ശ്രദ്ധയെ നയിക്കും.




കാസർകോടിന്റെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനം അതിന്റെ സവിശേഷമായ ഭൂപ്രകൃതിയും ജൈവസമ്പത്തുമായിരുന്നുവെന്ന് പറയാം. കാസർകോട് നദികളുടെ നാടാണ്. വളരെ ചെറിയ ഈ പ്രദേശത്ത് കൂടിയാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട 44 നദികളിൽ എട്ടെണ്ണം ഒഴുകുന്നത്, മഞ്ചേശ്വരം, ഉപ്പള, കുമ്പള, ഷിറിയ, മൊഗ്രാൽ, ചന്ദ്രഗിരി, ചിത്താരി, നീലേശ്വരം, തേജസ്വിനി എന്നീ പുഴകളെ കൂടാതെ ബേക്കൽ പുഴയും കളനാട് പുഴയും കാസർകോടിനെ ജലസംഭരണിയാക്കി മാറ്റി. ഈ പുഴകൾ കാസർകോടിന്റെ രക്തധമനികളായി ഒഴുകി ഈ നാടിന് അതിന്റെ പച്ചപ്പും സമ്പദ്സമൃദ്ധിയും ഉറപ്പ് വരുത്തി. കാസർകോടിന്റെ ജീവരേഖകളാണ് ഈ നദികൾ. പ്രകൃതി നാശത്തെ തുടർന്ന് ഇന്ന് ഈ നദികൾ വെള്ളമില്ലാതെ വരണ്ട് പോകുന്നത് നാം കാണുന്നു. ഇത്രയും നദികൾ ഉണ്ടായിട്ടും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന നാടായി കാസർകോട് മാറിയതിന് പിന്നിൽ പ്രകൃതിയോടുള്ള അവഗണനയും നിഷേധാത്മതകമായ സമീപനവുമുണ്ട്. മാത്രമല്ല ഭരണാധികാരികളുടെ ദീർഘവീക്ഷണമില്ലായ്മയും പ്രധാന കാരണമാണ്.



ഈ പുഴകളുടെ ഓരങ്ങളിലാണ് ആദ്യത്തെ മനുഷ്യാധിവാസ സൈറ്റുകൾ ഉയർന്നുവന്നത്. മലയും കാട്ടുമിറങ്ങി താഴ്‌വാരങ്ങളിലെത്തിയ ആദിമ മനുഷ്യൻ നീർത്തടങ്ങൾക്ക് സമീപത്ത് ആരംഭിച്ച് സ്ഥിരാധിവാസം തുടങ്ങി. നമ്മുടെ മഹാശിലാ സ്മാരകങ്ങൾ ഈ കാലത്തെ സൂചിപ്പിക്കുന്നു. ചെങ്കല്ലറകളും നന്നങ്ങാടികളും കുടകല്ലുകളും കാസർകോടിന്റെ പ്രാചീന ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു. ഇവിടെ നിന്നാണ് കാസർകോടിന്റെ സംസ്കാരം വളരുന്നത്.

ഈ നദികളുടെ ആഴിമുഖങ്ങളിലെല്ലാം പ്രകൃതിദത്ത തുറമുഖങ്ങൾ ഉയർന്നുവന്നു. കാസർകോട് തുറമുഖങ്ങളുടെ നാടാണ്. മഞ്ചേശ്വരം, കുമ്പള, കാസർകോട്, ബേക്കൽ, നീലേശ്വരം എന്നിവ ഇവിടത്തെ പ്രധാന തുറമുഖങ്ങളായിരുന്നു. കാസർകോടിന്റെ വൈവിധ്യമാർന്ന ഉല്പന്നങ്ങൾ പുറം നാടുകളിലെത്തിയത് ഈ തുറമുഖങ്ങളിലൂടെയായിരുന്നു. അരിയും ഇരുമ്പയിരും വെറ്റിലയും തേങ്ങയും കൊപ്രയും കുരുമുളകും വനവിഭവങ്ങളും ഈ തുറമുഖങ്ങളിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെത്തി തുറമുങ്ങൾ കാസർകോടിന്റെ വാതായനങ്ങളായി മാറിയെന്നർത്ഥം. പേർഷ്യൻ കച്ചവട സംഘമായ ഹഞ്ച്മാനെ അടക്കമുള്ള അടക്കമുള്ള വണിക് സംഘങ്ങൾ ഈ തുറമുഖങ്ങളിൽ സജീവമായിരുന്നു. വിദേശ സഞ്ചാരികൾ ഈ തുറമുഖങ്ങൾ സന്ദർശിക്കുകയും ഇവിടുത്തെ ഇറക്കുമതിയെയും കയറ്റുമതിയെയും കുറിച്ച് വിശദീകരിക്കുന്നുണ്ട്. ബാർബോസ കുമ്പള തുറമുഖത്തെ കുറിച്ച് മനോഹരമായ പരാമർശമാണ് നടത്തിയിട്ടുള്ളത്. അറബികളും പിന്നീട് പോർച്ചുഗീസുകാരും ഈ തുറമുഖങ്ങളിൽ സജീവമായി.തുറമുഖങ്ങളിലൂടെ ഒഴുകുന്ന വാണിജ്യത്തെ നിയന്ത്രിക്കുന്നതും വാണിജ്യകുത്തക സ്ഥാപിക്കുന്നതിനും അറബികളും പോർച്ചുഗീസുകാരും 16-ാം നൂറ്റാണ്ടിൽ കാസർകോടിന്റെ തീരദേശത്ത് നിരന്തരമായ ഏറ്റുമുട്ടലിൽ ഏർപ്പെട്ടു.

കാസർകോടിന്റെ സമ്പദ്‌വ്യവസ്ഥയുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനും വാണിജ്യത്തെ നിയന്ത്രിക്കുന്നതിനും തുറമുഖങ്ങളിലൂടെ നടന്നിരുന്ന ചരക്കുകളുടെ മേൽ ചുമത്തുന്ന കയറ്റുമതി ചുങ്കവും ഇറക്കുമതി ചുങ്കവും സ്വന്തമാക്കുന്നതിനു വേണ്ടിയാണ് നിരവധി രാജവംശങ്ങൾ ഈ നാട്ടിലേക്ക് പടയോട്ടങ്ങൾ നടത്തിയത്, കാസർകോട് പിടിച്ചെടുക്കുവാൻ ശ്രമിച്ചത്. കദമ്പ രാജവംശവും ഏഴിമല രാജാക്കന്മാരും മഹോദയപുരത്തെ പെരുമാക്കന്മാരും ആലുപ്പ /തൗളവ രാജാക്കന്മാരും കാസർകോടിന്റെ വിവിധ പ്രദേശങ്ങളെ

നിയന്ത്രണത്തിലാക്കി ഭരിച്ചതിന്റെ പിന്നിലെ സാമ്പത്തിക ശാസ്ത്രം ഇവിടുത്തെ സമൃദ്ധമായ വിഭവസാന്നിദ്ധ്യം തന്നെ. കോലത്തിരിയും വിജയനഗരക്കാരും ബദനൂർ നായ്ക്കന്മാരും മൈസൂർ സുൽത്താന്മാരും ബ്രിട്ടീഷുകാരും ഈ നാട് ആക്രമിച്ചതും ഇതേകാരണം കൊണ്ടുകൂടിയാണ്.



കാസർകോട് കോട്ടകളുടെ നാടാണ്. പ്രാചീനകാലത്തെ മായിലൻ കോട്ടകൾ മാത്രമല്ല... നായ്ക്കന്മാർ(ഇക്കേരി നായ്ക്കന്മാർ) കാസർകോട് ആക്രമിച്ച് കീഴ്പ്പെടുത്തി അധികാരം ശാക്തീകരിക്കുന്നതിനു വേണ്ടി കോട്ടകൾ നിർമ്മിക്കുകയും അവ സൈനീക കേന്ദ്രങ്ങളാക്കി നിലനിർത്തുകയും ചെയ്തു. മഞ്ചേശ്വരം, കുമ്പള, കാസർകോട്, ചന്ദ്രഗിരി, ബേക്കൽ, ഹോസ്സ്ദുർഗ്ഗ്, പനയാൽ, കുണ്ടംകുഴി,ബന്തടുക്ക, പൊവ്വൽ എന്നിവിടങ്ങളിലെല്ലാം ഇവർ കോട്ടകൾ കെട്ടി. കാലത്തിന്റെ പ്രവാഹത്തിൽ പല കോട്ടകളും അപ്രത്യക്ഷമായി. ചിലതിന്റെ കല്ലുകളെല്ലാം ആളുകൾ എടുത്തുകൊണ്ടുപോയി ബേക്കൽ ഒഴിച്ച്, നിലവിലുള്ള മറ്റു കോട്ടകൾ സംരക്ഷിക്കുവാൻ ആരും താല്പര്യം കൊടുക്കുന്നില്ല. രണ്ട് ദിശകളിലാണ് കാസർകോട്ടെ കോട്ടകൾ സ്ഥിതിചെയ്യുന്നത്. കടൽതീര കോട്ടകളും ഉൾനാടൻ കോട്ടകളും.കടൽതീരത്തെ തുറമുഖങ്ങൾ



സംരക്ഷിക്കുന്നതിനും വാണിജ്യ കുത്തക നിലനിർത്തുന്നതിനും വേണ്ടിയാണ് കടൽതീര കോട്ടകൾ ഉയർന്ന് വന്നത്. ഉൾനാടൻ കോട്ടകൾ തുറമുഖങ്ങളിലേക്ക് നയിക്കുന്ന വാണിജ്യപാതകൾക്കരികിലാണ്. കർണ്ണാടകയിൽ നിന്ന് ബേക്കൽ, കാസർകോട് തുറമുഖങ്ങളിലേക്ക് നീളുന്ന സഞ്ചാരമാർഗ്ഗങ്ങളിലാണ് ഈ കോട്ടകൾ. കോട്ടകളുടെ സമ്പദ്ശാസ്ത്രമാണിത്.

കാസർകോട് ബഹുസ്വരതയുടെ നാടാണ്.

ലോകത്തെ പ്രധാന മതവിശ്വാസങ്ങൾ ഇവിടെ പ്രചാരത്തിലുണ്ട്. ജൈന-ബൗദ്ധമതങ്ങൾ, ഹിന്ദുമതം,ഇസ്ലാം, ക്രിസ്തുമതം എന്നിവ കാസർകോട് സമൂഹത്തിന്റെ ഭാഗമാണ്. ബൗദ്ധമതത്തെ സംബന്ധിക്കുന്ന തെളിവുകളെല്ലാം നശിച്ചുപോയിരിക്കുന്നു. സ്ഥനാമങ്ങളിലും മറ്റും മാത്രമാണ് അതിന്റെ ഓർമ്മകൾ നിലനിൽക്കുന്നത്. ജൈന ബസ്തികൾ ഒസങ്കടിയിൽ ഇപ്പോഴുമുണ്ട്. ജൈനകുടുംബങ്ങളും അവിടെയുണ്ട്. കുമ്പളയിലെ ബേളപ്പള്ളി ആദ്യത്തെ ക്രൈസ്തവ പള്ളിയാണ്. തളങ്കരയിലെ മാലിക്ദിനാർ ആദ്യത്തെ മുസ്ലിം പള്ളിയും.ഭുജംഗാവ്, അഡൂർ, മധൂർ, പുല്ലൂർ, കൊടവലം തുടങ്ങിയ സ്ഥലങ്ങളിലെ ക്ഷേത്രങ്ങളും പ്രസിദ്ധമാണ്. ഇവിടെ മതസംഘർഷങ്ങളില്ല.

കാസർകോട് മതസഹിഷ്ണുതയുടെ നാടാണ്. മതമൈത്രിയുടെ നാടാണ്. ക്ഷേത്രങ്ങളും പള്ളികളും തമ്മിൽ അനുഷ്ഠാനപരമായ ബന്ധങ്ങൾ ഇന്നും സുദൃഢമാണ്. മഞ്ചേശ്വരം ഉദ്യാവർ മുതൽ നെല്ലിക്കാതുരുത്തികഴകം വരെ വർണ്ണാഭമായ ഈ ബന്ധം നമുക്ക് കാണാം. ഐവർ പരദേവകളിൽ ഷെയ്ഖുമുണ്ടെന്നത് ചെറിയ കാര്യമല്ല. ഉത്സവങ്ങളിലും ഉറൂസുകളിലും വിവധ മതവിശ്വാസികൾ പങ്കെടുക്കുന്നു. മുസ്ലീം തെയ്യങ്ങളുള്ള നാടാണ് കാസർകോട്. ആലിചാമുണ്ഡിയും ബപ്പിരിയനും ഉമ്മച്ചി തെയ്യവും, മുക്രിപോക്കർ തെയ്യവും ഇവിടെ സജീവമാണ്. ക്ഷേത്രത്തിലേക്കാവശ്യമായ എണ്ണയും മറ്റും നൽകുന്ന നിരവധി മുസ്ലീം കുടുംബങ്ങളുണ്ട്. മറിച്ചും ഇത് തന്നെ നടക്കുന്നുണ്ട്. ചില ഹൈന്ദവ ആരാധനാലയങ്ങളിൽ മുസ്ലീം കുടുമ്പങ്ങൾക്ക് ചില അവകാശങ്ങളുണ്ട്. മതപരമായ വൈര്യം ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്നില്ല. മതം ജനങ്ങളെ ചിക്കിയകറ്റാനുള്ള ഉപകാരമായി ആരും ഉപയോഗിച്ചിരുന്നില്ല എന്നർത്ഥം.



കാസർകോട് സമൂഹം ജാതിവ്യവസ്ഥ നിലനിന്ന സമൂഹമാണ്. ശ്രേണിവ്യവസ്ഥ കൃത്യമായി ഇവിടെയുമുണ്ടായിരുന്നു. പലവിധത്തിലുള്ള തൊഴിലെടുത്ത് ജീവിക്കുന്ന ജനവിഭാഗങ്ങൾ ഈ നാടിന്റെ സമ്പദ്വ്യവസ്ഥ ശക്തമാക്കി. കർഷകരും കർഷകത്തൊഴിലാളികളും

ചരക്കൽപാദനപ്രക്രിയകളിൽ പങ്കാളികളായി ജീവിക്കുന്നവരും ഈ സമൂഹത്തിന്റെ ഭാഗം. കാസർകോടിന്റെ ബഹുസ്വരതയെ ശക്തിപ്പെടുത്തിയ ഘടകമാണിത്. വ്യത്യസ്ത ജോലികൾ ചെയ്ത് ജീവിച്ചുവന്ന സമൂഹത്തിൽ ജാതിവ്യവസ്ഥയ്ക്കെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവന്നു. പൊട്ടൻ തെയ്യത്തിന്റെ തോറ്റം ജാതിവ്യവസ്ഥയ്ക്കെതിരെയുള്ള കലാപമാണ്. ശാലിയപൊറാട്ട് സമൂഹത്തെ ശുദ്ധീകരിക്കുന്നതിനു വേണ്ടി സമൂഹം വികസിപ്പിച്ചെടുത്ത ഒരു സംവിധാനമാണ്. വിമർശനവും സ്വയം വിമർശനവും സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിൽ ഈ അനുഷ്ഠാന കലകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. നവോത്ഥാന ആശയങ്ങൾ ദേശീയ പ്രസ്ഥാനവും, കർഷക പ്രസ്ഥാനവും മുന്നോട്ട് കൊണ്ടുപോയി ജാതിവിരുദ്ധ പ്രസ്ഥാനത്തെ ചലനാത്മകമാക്കി.

കാസർകോടിന്റെ പൈതൃകം എന്നത് വിയോജിപ്പിന്റെയും പ്രതിഷേധത്തിന്റെയും പൈതൃകമാണ്. വ്യവസ്ഥിതിയോട് ശക്തമായി വിയോജിക്കുകയും ചില സന്ദർഭങ്ങളിൽ ശക്തമായി പ്രതിഷേധിക്കുകയും ചെയ്യുന്ന ശീലം നമ്മുടെ സംസ്കാരത്തിൽ അന്തർലീനമായി കിടക്കുന്നുണ്ട്. ഈ പൈതൃകമാണ് ദേശീയ പ്രസ്ഥാനത്തെയും മറ്റ് പ്രസ്ഥാനങ്ങളെയും ശക്തിപ്പെടുത്തിയത്. കാസർകോട് സമരങ്ങളുടെയും ചെറുത്തുനിൽപ്പിന്റെയും നാടാണ്. കൊളോണിയൽ ഭരണകൂടത്തിനെതിരെ സന്ധിയില്ലാതെ നാം സമരം ചെയ്തു. ഉപ്പു സത്യാഗ്രഹവും വ്യക്തി സത്യാഗ്രഹവും ക്വിറ്റ് ഇന്ത്യാ സമരവും ഈ നാടിനെ സമരഭൂമിയാക്കി മാറ്റി. ജന്മിത്വത്തിനെതിരെ കർഷകർ വർഗ്ഗപരമായി ഐക്യപ്പെട്ടു. ജാഥകളും പൊതുയോഗങ്ങളും സംഘാടനത്തിന്റെ പുതിയ അരങ്ങുകളായി മാറി. കയ്യൂർ സമരവും നെല്ലെടുപ്പ് സമരങ്ങളും



വിളകൊയ്ത്ത് സമരങ്ങളും എല്ലാം വിത്തിട്ടവൻ വിളകൊയ്യും, കൃഷിഭൂമി കൃഷിക്കാരന് എന്നീ മുദ്രാവാക്യങ്ങൾ ശാശ്വതമാക്കുന്നതിന്റെ ഭാഗമായി നടന്ന സമരങ്ങളാണ്. കൊടിയ ദുഷ്പ്രഭുത്വത്തിനു മുന്നിൽ തലകുനിക്കാത്ത ശീലം കാസർകോട്ടെ ജനങ്ങൾ

എന്നും സൂക്ഷിച്ചു.

കാസർകോട് ഭാഷാസംഗമഭ്രൂമിയാണ്. പല കാലങ്ങളിൽ, പല കാരണങ്ങൾ കൊണ്ട് പലരും ഇവിടെയെത്തി. അവരുടെ തൊഴിലും ഭാഷയും ഇവിടെയെത്തി. കൂടെ അവരുടെ ദൈവ സങ്കൽപങ്ങളും, തുളു, മലയാളം, കന്നട, കൊങ്കിണി, മറാഠി, ഉറുദു, ബ്യാരി തുടങ്ങിയ സപ്തഭാഷകളും കൊടവ ഉൾപ്പെടെയുള്ള ഭാഷകളും ഇവിടത്തെ വ്യവഹാരഭാഷകളാണ്. ഓരോ വിഭാഗക്കാരും സംസാരിക്കുന്ന തുളു വ്യത്യസ്തമാണ്. ഭാഷകൾ കൊണ്ട് സമൃദ്ധമായ നാടാണ് നമ്മുടേത്. നമ്മുടെ ബഹുസ്വരതയുടെ മറ്റൊരു ലക്ഷണം. ഇത് സംസ്കാരിക വൈവിധ്യത്തിനും കാരണമായി. കാസർകോടൻ സംസ്കാരം ഏകശിലാരൂപത്തിലുള്ള ഒന്നല്ല. അതിന് പല അടരുകളുണ്ട്. ഈ ബഹുസ്വരതയാണ് നാടിന്റെ ശക്തി.



# കാസർഗോഡിന്റെ പൈതൃകപെരുമ



ഒരു ദേശത്തിന്റെ ഭൂതകാലമാണ് വർത്തമാനകാലത്തിലെ ഗതിവിഗതികളെ നിയന്ത്രിക്കുന്നതെന്നതിന് ദൃഷ്ടാന്തമാണ് കാസർഗോഡ് ജില്ലയുടെ ചരിത്രം. സമ്പന്നമായൊരു സംസ്കാരത്തിൽ നിന്നുയർന്നുവന്ന മാനവികബോധം നിലനിൽക്കുന്നതിനാലാകാം ആധിപത്യത്തിനും അധീശത്വത്തിനും വിട്ടുകൊടുക്കാത്ത അല്ലെങ്കിൽ വഴങ്ങിക്കൊടുക്കാത്ത ഒരു ജനതതി പോരാട്ടത്തിന്റെയും അതേ സമയം സമാധാനത്തിന്റെയും അന്തരീക്ഷം കാലാകാലങ്ങളായി ഒളവറ പുഴ മുതൽ ഹൊസങ്കടി വരെ നിലനിർത്തിപ്പോന്നത്. ഈയൊരു പൈതൃകത്തിന്റെ അടിസ്ഥാന ശിലകളാണ് മഹാശിലാസാമാരകങ്ങൾ.

കഴിഞ്ഞ കാൽനൂറ്റാണ്ട് കാലമായുള്ള ഗവേഷണത്തിന്റെ ഭാഗമായാണ് കാസർഗോഡ് ജില്ലയിലെ മഹാശിലാസ്മാരകങ്ങളെക്കുറിച്ച് ലോകമറിയുന്നത്. ജില്ലയിലെ മഹാശിലാസ്മാരകങ്ങളെ നാലായി തരംതിരിക്കാം;മുനിയറകൾ എന്നറിയപ്പെടുന്ന ചെങ്കല്ലറകൾ, കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ,ശിലാ ചിത്രങ്ങൾ.



ചന്ദ്രഗിരി പുഴ മുതൽ കരിവള്ളൂർ - പെരളം ഗ്രാമപഞ്ചായത്തിന്റെ അതിർത്തി വരെ മലയോരങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന മഹാശിലാസ്മാരകങ്ങൾ രണ്ടായിരം വർഷങ്ങൾക്ക്

മുമ്പ് ജില്ലയിൽ അധിവസിച്ചിരുന്ന മനുഷ്യരെ കുറിച്ചും അവരുടെ സംസ്കാരത്തെക്കുറിച്ചും നൽകുന്ന അറിവുകൾ പ്രൗഢോജ്ജ്വലമായിരുന്നു. മുനിമാർ തപസ്സിരുന്ന സ്ഥലങ്ങളെന്നും അടുപ്പുകല്ലുകളെന്നുമൊക്കെ കരുതിയിരുന്നവ ഒരു സംസ്കാരത്തിന്റെ ശേഷിപ്പുകളാണെന്ന തിരിച്ചറിവ് ജനങ്ങൾക്കുണ്ടായത് കാഞ്ഞങ്ങാടാ നെഹ്രു ആർട്സ് ആൻഡ് സയൻസ് കോളേജിലെ ചരിത്രാധ്യാപകർ ശാസ്ത്രീയനിരീക്ഷണങ്ങളിലൂടെ പഠനം ആരംഭിച്ചതിലൂടെയാണ്.



ചതുരാകൃതിയോട് കൂടിയ കവാടങ്ങളും, കവാടത്തിന്റെ അടുപ്പായി ഉപയോഗിക്കുന്ന ചതുരാകൃതിയിൽ തന്നെയുള്ള വൃത്തിയായി കൊത്തിയെടുത്ത കൽപ്പാളികളുമുള്ള നാലടി പൊക്കം വരുന്ന ഗുഹയും അതിന്റെ മുകൾഭാഗത്ത് ഒത്ത നടുഭാഗത്ത് പ്രത്യേകമായുണ്ടാക്കിയ വൃത്താകൃതിയിലുള്ള ദ്വാരവും, അതു അടച്ചു വെയ്ക്കാൻ പാകത്തിലുള്ള കല്ലുകൊണ്ടുള്ള അടപ്പും വർഷങ്ങൾക്കുമുമ്പ് മുനിമാർ തപസ്സിരിക്കാൻ വേണ്ടി നിർമ്മിച്ചയാണെന്നാണ് ജനങ്ങൾ കരുതിയിരുന്നത്.

ചെങ്കല്ലറയിലേക്ക് ഇറങ്ങി ചെല്ലാനുള്ള പടവുകളും കവാടഭിത്തിയിൽ മൂന്നു തട്ടായി കൊത്തിയെടുത്ത് മനോഹരമാക്കിയവയാണ് കണ്ടെത്തിയവയെല്ലാം. പലയിടത്തും ഹിന്ദു ദൈവങ്ങളുമായും, ജൈന സന്യാസിമാരുമായും, ഇതുപോലുള്ള നിർമ്മാണങ്ങളെ ബന്ധപ്പെടുത്തി വന്നിരുന്നു.



ഇങ്ങനെയുള്ള വിശ്വാസങ്ങൾ കൊണ്ടായിരിക്കാം പല സ്ഥലങ്ങളിലും ചെങ്കല്ലറകൾ സംരക്ഷിക്കപ്പെട്ടു പോകുന്നത്. അതേ സമയം സ്വർണ്ണവും, രത്നങ്ങളും സംഭരിച്ചു വെച്ച ഇടങ്ങളെന്ന തെറ്റിദ്ധാരണയിൽ ജില്ലയിൽ പലയിടത്തും ചെങ്കല്ലറകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായപഠനങ്ങളിലൂടെയാണ് മുനിയറകളെന്ന് വിളിക്കപ്പെട്ടിരുന്നവ മഹാശിലാസ്മാരകത്തിന്റെ ശേഷിപ്പുകളായ ചെങ്കല്ലറകളാണെന്ന സത്യം വെളിച്ചത്തു വന്നത്. ജില്ലയിൽ പനങ്ങാട്, ഉമ്മിച്ചി പൊയിൽ, തലയടുക്കം,

നാലിലാംകണ്ടം, മാവുള്ളച്ചാൽ, പരപ്പ, ചായ്യോത്ത്, കൊടക്കാട്, ചന്ദ്രവയൽ, പിലിക്കോട് എന്നിവിടങ്ങളിലാണ് ചെങ്കല്ലറകളുടെ സമുച്ചയവും ഇതുമായി ബന്ധപ്പെട്ട അതിർവരമ്പുകളായ കൽ വൃത്തങ്ങളും കാണപ്പെടുന്നത്. മഹാശിലാസ്മാരകങ്ങളിൽ ഉൾപ്പെടുന്ന കുടക്കല്ലുകൾക്ക് അവയുടെ ആകൃതിയിൽ നിന്നാണ് ആ പേര് കൈവന്നത്. സാധാരണയായി നാലു ദീർഘചതുരത്തിലുള്ള കൽപാളികളാൽ ഉയർത്തിവെച്ച വൃത്താകൃതിയിലുള്ള കൽപാളിയോടു കൂടിയ നിർമ്മാണങ്ങളെയാണ് കുടക്കല്ലുകൾ എന്ന് വിളിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, കരിബേഡകം, ബിരിക്കുളം, പനയാൽ, തിമിര, കൊടക്കാട് എന്നിവിടങ്ങളിലാണ് പൂർണ്ണരൂപത്തിലുള്ളതും ഭാഗികമായി തകർന്ന നിലയിലുള്ളതുമായ കുടക്കല്ലുകളും തൊപ്പിക്കല്ലുകളും കാണപ്പെടുന്നത്. ചെങ്കല്ലറകളും കുടക്കല്ലുകളും തൊപ്പിക്കല്ലുകളും കൽവൃത്തങ്ങളും മഹാശിലാകാലഘട്ടത്തിൽ ജീവിച്ചിരുന്ന മനുഷ്യർ അവരുടെ സംസ്കാര ചടങ്ങുകളുടെ ഭാഗമായി നിർമ്മിച്ചവയാണ്. ഭൗതികാവശിഷ്ടങ്ങളുടെ കൂടെ ആത്മാവിന്റെ അനന്തര പ്രയാണമെന്ന  വിശ്വാസത്തിന്റെ ഭാഗമായായിരിക്കാം പണിയായുധങ്ങൾ, മൂന്നു കാലുള്ളവയും വിവിധ തരത്തിലുള്ളതുമായ മൺപാത്രങ്ങൾ, ആയുധങ്ങൾ എന്നിവ അടക്കം ചെയ്തിരിക്കുന്നത്.



കാസർഗോഡ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ശിലാലിഖിതങ്ങൾ പാറകളിലും ഗുഹകളിലും കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ശ്രദ്ധയാകർഷിക്കുന്നവയാണ് തെക്കൻ ബങ്കളത്ത് പാറയിൽ കോറിയിട്ട നിലയിൽ കാണപ്പെടുന്ന പുലിയുടെ രൂപസാദൃശ്യമുള്ള മഹാശിലാ കാലഘട്ടത്തിലെ ചിത്രവും എരിക്കുളത്ത് വലിയ പാറയിൽ കാണപ്പെടുന്ന തോരണാകൃതിയിലുള്ള ചിത്രങ്ങളും. പള്ളിപ്പാറയിലും അങ്കക്കളരിയിലും പാറകളിൽ കാണപ്പെടുന്ന ലിഖിതങ്ങളും മഹാശിലാസ്മാരകത്തിലെ സാംസ്കാരിക മേന്മയുടെ പ്രതീകങ്ങളാണ്.

അനിയന്ത്രിതമായ മണലെടുപ്പും കൽപണകളുടെ വ്യാപനവും ഗവൺമെന്റ് സ്ഥലം കണ്ടു കെട്ടുമെന്ന അനാവശ്യമായ ഭീതിയും മഹാശിലാസ്മാരകങ്ങളുടെ

നിലനിൽപ്പിനു മുന്നിലുയരുന്ന ചോദ്യമാണ്. ജില്ലയിൽ കണ്ടെത്തിയതിൽ നിന്ന് വലിപ്പത്തിൽ വ്യത്യസ്തമായ ബിരിക്കുളത്തെ കുടക്കല്ല് കൽപണയുടെ വ്യാപനത്തിൽ നാശത്തിന്റെ വക്കിലാണ്. സമ്പന്നമായൊരു സംസ്കൃതിയുടെ

അടയാളങ്ങളെ സംരക്ഷിക്കാൻ ജനങ്ങൾ മുന്നിട്ടിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മരുതോം വനത്തിൽ കാണപ്പെടുന്ന മനുഷ്യനിർമ്മിതമായ ക്വുറ്റൻ കൽത്തൂണുകൾക്കും ഇനിയുമൊരുപാടു കാര്യങ്ങൾ നമ്മോട് പറയാനുണ്ടാകും. ശിലായുഗത്തിന്റെ അറിവുകൾ നൽകാൻ  പ്രേരകമായവയാണെങ്കിലും എല്ലാത്തിലും പോലെ കാസർഗോഡ് ജില്ലയിലെ സ്മാരകങ്ങളും അവഗണിക്കപ്പെടുകയാണെന്നത് വേദനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്.



# കാസർഗോഡിന്റെ സാംസ്കാരിക പാരമ്പര്യം



ജില്ലയുടെ ചരിത്രം കേരളത്തിൽ ഒടുവിൽ രൂപീകൃതമായ കാസർഗോഡ് ജില്ലയ്ക്ക് തനതായ പാരമ്പര്യവും ചരിത്രവുമവകാശപ്പെടാനുണ്ട്. എന്നത് യാഥാർത്ഥ്യമാണ്. കാർണ്ണാടകയോട് ചേർന്നുള്ള ഈ ജില്ല കേരളത്തിന്റെ വടക്കെയറ്റത്തുള്ള ജില്ലയാണ്. നമ്മുടെ ബഹുസ്വരതയുടെ പരിഛേദമായ ജില്ല സപ്തഭാഷാ സംഗമഭൂമിയെന്നറിയപ്പെടുന്നു. മലയാളം, കന്നട, തുളു, കൊങ്ങിണി, മറാത്തി, ഗുജറാത്തി, ഹിന്ദുസ്ഥാനി തുടങ്ങിയ ഭാഷകൾ, സംസ്കാരങ്ങൾ, ജീവിതരീതികൾ, വേഷവിധാനങ്ങൾ എന്നിവയെല്ലാം ഈ മണ്ണിൽ സമന്വയിച്ചിരിക്കുന്നു.

ആലപ്പുഴ കഴിഞ്ഞാൽ ഏറ്റവും ചെറിയ ജില്ലയാണ് കാസർഗോഡ്. സംസ്ഥാനത്തെ ഏറ്റവും അധികം പുഴകളുള്ള ജില്ല എന്നതും സവിശേഷ പ്രാധാന്യമർഹിക്കുന്നു. ചെറുതും വലുതുമായ പതിനാല് നദികൾ ജില്ലയുടെ വിരിമാറിലൂടെ കിഴക്കു നിന്ന് പടിഞ്ഞാറോട്ടൊഴുകുന്നു.

മൗര്യവംശസ്ഥാപകനായ ചന്ദ്രഗുപ്തമൗര്യന്റെ നാമധേയത്തിൽ അറിയപ്പെടുന്ന ചന്ദ്രഗിരിപുഴ തന്നെയാണ് കാസർഗോഡിന്റെ ഏറ്റവും വലിയ പുഴ. 109 കിലോമീറ്ററോളം വിസ്തീർണ്ണമുള്ള ഈ പുഴയുടെ ഉത്ഭവസ്ഥാനമായ കൂർഗിലെ പട്ടിഘട്ടിനടുത്തായിരുന്നു ചന്ദ്രഗുപ്തമൗര്യൻ തന്റെ ജീവിത സായംകാലം ചെലവഴിച്ചതെന്ന് കരുതപ്പെടുന്നു. ചരിത്രമുറങ്ങുന്ന കാര്യങ്കോട് പുഴയാണ് (തേജസ്വിനി പുഴ) ജില്ലയിലെ വലുപ്പത്തിൽ രണ്ടാമത്. ഏകദേശം 64 കിലോമീറ്ററോളം നീളമുണ്ട്. ഷിറിയപുഴ, നീലേശ്വരം, ഉപ്പള, മൊഗ്രാൽ, മഞ്ചേശ്വരം, ചിത്താരി, കൽനാട്ട്, ബേക്കൽ എന്നിവയാണ് മറ്റു പ്രധാനപ്പെട്ട നദികൾ. നാഗരികതയുടെ, വ്യവസായങ്ങളുടെ സിരാകേന്ദ്രമാണ് നദീതീര പ്രദേശങ്ങളെന്ന് കരുതാമെങ്കിലും ദൗർഭാഗ്യകരം എന്നു പറയട്ടെ അത്തരം

പ്രാചീന വികസനങ്ങൾ ഈ മണ്ണിൽ ഉണ്ടായിട്ടില്ല.

## ജില്ലാ രൂപീകരണം

അവഗണനയുടെ ദുരിതം പേറുന്ന ഭരണാധികാരികളുടെ സത്വര ശ്രദ്ധ പതിയാത്ത ഒരു പ്രദേശമാണിത്. മലബാറിന്റെ വടക്കെയറ്റത്ത് സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ല 1984 മെയ് 21-നാണ് രൂപീകൃതമായത്. 1982 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ജില്ലയിൽ ഏറ്റവും പുതിയ സെൻസസ് പ്രകാരം 13,07,375 ലധികമാണ് ജനസംഖ്യ. വിസ്തൃതിയിൽ 13-ാം സ്ഥാനത്തും ജനസംഖ്യയിൽ 11-ാം സ്ഥാനത്തുമുള്ള ജില്ലയുടെ സാക്ഷരത 90.09 ശതമാനമാണ്. വടക്ക കിഴക്ക് ഭാഗങ്ങളിൽ കർണ്ണാടക സംസ്ഥാനവും തെക്ക് കണ്ണൂർ ജില്ലയും പടിഞ്ഞാറ് അറബിക്കടലുമായി ചുറ്റപ്പെട്ട ജില്ല കാർഷിക സംസ്കൃതിയുടെ ഭൂമികയാണ്. ചന്ദ്രഗിരിയുടെ വടക്ക് ഭാഗത്ത് ഗണ്യമായ ഒരു വിഭാഗം ജനങ്ങൾ കർണ്ണാടക സംസ്കാരവുമായി ഇഴുകിച്ചേർന്നവരാണ്. സംസ്ഥാനത്തിന്റെ മറ്റു കാർഷിക മേഖലയിൽ നിന്നും വ്യത്യസ്തമായി കവുങ്ങിൻ തോട്ടങ്ങളും, പുകയില പാടങ്ങളും ഇവിടുത്തെ കാർഷിക വൃത്തിയുടെ അവിഭാജ്യഘടകമാണ്.




## ഭൂമിശാസ്ത്രവും പ്രാചീന ചരിത്രവും

സംഘകാലത്ത് പൂഴിനാടിന്റെ ഭാഗമായിരുന്ന ഈ പ്രദേശം. ആര്യ സംസ്കാരം ആദ്യമായി കേരളത്തിൽ പ്രവേശിച്ചത് ഈ മണ്ണിലാണെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അഞ്ച്, ആറ് ശതകങ്ങളിൽ തെന്നിന്ത്യയിൽ ആധിപത്യം സൃഷ്ടിച്ചിരുന്ന ചാലൂക്യ രാജവംശമാണ് ആര്യന്മാരുടെ ഈ മണ്ണിൽ ആഗമനത്തിന് സാഹചര്യമൊരുക്കിയത്. 13-ാം ശതകത്തിൽ കോലത്തുനാടിന്റെ ഭാഗമായിരുന്ന ഈ പ്രദേശം ചന്ദ്രഗിരിപുഴയുടെ വടക്ക ഭാഗത്തായി കേന്ദ്രീകരിച്ച് കമ്പളരാജവംശവും ചന്ദ്രഗിരിപുഴയുടെ തെക്ക് നീലേശ്വരം രാജവംശവും അധികാരത്തിലെത്തിയെന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. മായ്പ്പാടി

കോവിലകം കുമ്പള രാജാക്കന്മാരുടെയും നീലേശ്വരം കോവിലകം നീലേശ്വരം രാജകുടുംബാംഗങ്ങളുടെയും ആസ്ഥാനമന്ദിരമായി മാറി. ഉത്തരേന്ത്യയിൽ നിന്ന് കുടിയേറിപ്പാർത്ത ക്ഷത്രിയ രാജവംശമാണ് കുമ്പള രാജവംശത്തിന്റെ പിൻമുറക്കാർ. മരുമക്കത്തായ സമ്പ്രദായമാണ് അവർ പിൻതുടർന്നത്.

സാമൂതിരി രാജവംശത്തിലെ രാജകുമാരിയും കോലത്തുനാട്ടിലെ ഒരു രാജകുമാരനും തമ്മിലുള്ള വിവാഹ ബന്ധത്തിലൂടെയാണ് നീലേശ്വരം രാജവംശത്തിന്റെ ഉത്ഭവം. വിജയനഗരസാമ്രാജ്യത്തിന്റെ വ്യാപനവും ബ്രിട്ടീഷുകാരുടെ ആഗമനവും രാജവംശങ്ങളെ ദുർബലമാക്കി.

19-ാം ശതകത്തിൽ തെക്കൻ കാനറയിൽ ആധിപത്യമുറപ്പിച്ച ബധിനോർ നായകന്മാർ അഥവാ ഇക്കേരി നായ്ക്കന്മാരുടെ ആഗമനത്തോടെയാണ് നീലേശ്വരം രാജവംശം ക്ഷയിക്കാൻ തുടങ്ങിയത്. എ.ഡി. 1645-1660 ഇക്കേരി നായക്കൻ ശിവപ്പനായക്കിന് നീലേശ്വരം രാജാവ് കപ്പം കൊടുക്കേണ്ടിവന്നു. നായ്ക്കന്മാരുടെ തലമുറയിലെ സോമശേഖരനായക് എ.ഡി. 1714-1739 നീലേശ്വരം രാജവംശത്തെ ആക്രമിച്ച് തകർക്കുകയും നീലേശ്വരം രാജവംശത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും സാമ്രാജ്യത്തോട് ചേർത്തു. 1731 ൽ ഹോസ്സ്ദുർഗ്ഗ് കോട്ട നിർമ്മിച്ച സോമശേഖര നായക്ക് നീലേശ്വരത്ത് വിജയഭേരി മുഴക്കിക്കൊണ്ട് ഒരു സ്തംഭം പണിതു. ബ്രിട്ടീഷ് സാമ്രാജ്യത്വം തെക്കൻ കാനറയിൽ ആധിപത്യം ഉറപ്പിച്ചപ്പോൾ ഇക്കേരി വംശം ബ്രിട്ടീഷുകാരാൽ പൂർണ്ണമായും കീഴടക്കുകയായിരുന്നു.

## ആരാധനാലയങ്ങൾ

വിവധ മതവിശ്വാസികൾ, വിവിധ ഭാഷാ, വിവിധ ജീവിതരീതികൾ സ്ഥിതിചെയ്യുന്ന ഈ മണ്ണിൽ ധാരാളം ആരാധനാലയങ്ങൾ ഉണ്ട്. ഒമ്പതാം നൂറ്റാണ്ടിൽ പണിതീർത്തതാണെന്ന് കരുതപ്പെടുന്ന അനന്തപുരം ജലക്ഷേത്രം പ്രാചീന വാസ്തുവിദ്യയുടെ വൈഭവം ദർശിക്കുന്ന ശിൽപ്പങ്ങളുടെയും ചുവർച്ചിത്രങ്ങളുടെയും കേദാരമായ മടിയൻ കൂലോം ക്ഷേത്രം ചാലൂക്യ രാജാവായ കീർത്തി വർമ്മന്റെ ശിലാലിഖിതം ആലേഖനം



ചെയ്യപ്പെട്ടുവെന്ന് വിശ്വസിക്കുന്ന അട്ടൂർ ക്ഷേത്രം, നീലേശ്വരം തളിയിൽ ക്ഷേത്രം, മന്നമ്പുറത്ത് കാവ്, ചരിത്രപ്രാധാന്യമുള്ള കാസർഗോഡ് മല്ലികാർജ്ജുന ക്ഷേത്രം, മധുവാഹിനിപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മദനന്തേശ്വര സിദ്ധിവിനായക ക്ഷേത്രം തുടങ്ങിയവ പ്രധാന ഹൈന്ദവാരാധനാലയങ്ങളാകുന്നു.

മഞ്ചേശ്വരം പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ജൈനക്ഷേത്രം, മാലിക്കിബ്നിൻ മുഹമ്മദിന്റെ ശവകുടീരം സ്ഥിതി ചെയ്യുന്ന മാലിക്ദിനാർ പള്ളി, മറ്റ് മതവിശ്വാസികളെയും ആകർഷിക്കുന്ന പാറപ്പള്ളി, മദർഡോളറൻസിന്റെ നാമധേയത്തിലുള്ള വേള ചർച്ച് (നൂറു വർഷത്തിലേറെ പഴക്കമുള്ള ക്രിസ്ത്യൻ ആരാധന കേന്ദ്രമാണിത് ) കാസർഗോഡ് ക്രിസ്ത്യൻ പള്ളി, ചിത്താരിക്കൽ സെന്റ് തോമസ് പള്ളി എന്നിവ മറ്റു മതങ്ങളുടെ ആരാധനാലയ കേന്ദ്രങ്ങളാണ്.

പുഴകളുടെ സമൃദ്ധമായ ജില്ലയായിട്ട് പോലും വ്യവസായ കേന്ദ്രങ്ങളും, വിനോദസഞ്ചാര കേന്ദ്രങ്ങളും കാര്യമായി ഇവിടെ വികസിച്ചിട്ടില്ല. ബേക്കൽ കോട്ടയും ബേക്കൽ കടൽതീരവും അന്താരാഷ്ട്ര വിനോദ സഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിച്ചെങ്കിലും പുരോഗതി മന്ദീഭവിച്ച് നിൽക്കുന്നു. പുഴയും കായലും സംഗമിക്കുന്ന വലിയ പറമ്പ്, കാപ്പിൽ കടലോരം, കണ്ണ്വതീർത്ഥം, മഴക്കാടുകളും, ചോലക്കാടുകളും, പുൽമേടുകളും നിറഞ്ഞ മലയോര പ്രദേശമായ റാണീപുരം തുടങ്ങിയവ വിനോദസഞ്ചാര മേഖലയിൽ തലയുയർത്തി നിൽക്കുന്നുണ്ടെങ്കിലും വികസനം അകലെത്തന്നെ.

നിത്യാനന്ദസ്വാമിയുടെ നാമധേയത്തിൽ അറിയപ്പെടുന്ന നിത്യാനന്ദാശ്രമവും പൂജനീയ സ്വാമി രാംദാസ് സ്ഥാപിച്ച ആനന്ദാശ്രമവും സഞ്ചാരികളെ ആകർഷിക്കുന്ന ആധ്യാത്മിക കേന്ദ്രങ്ങളാണ്.

## മതമൈത്രി

ബഹുസ്വരതയോടൊപ്പം വിവധ മതഭാഷാവിശ്വാസികൾ സൗഹൃദത്തോടുകൂടി കഴിയുന്ന പ്രദേശമാണ് കാസർഗോഡ്. ഒറ്റപ്പെട്ട അപവാദങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിസ്മരിക്കുന്നില്ല. മഞ്ചേശ്വരത്തിനടുത്തുള്ള ഉദ്യാവർമാടയിൽ ഉറൂസിന് പള്ളിയിലും ഉത്സവത്തിന് ക്ഷേത്രങ്ങളിലും പരസ്പരം സഹകരിച്ച് ആശിർവാദങ്ങൾ അർപ്പിക്കുന്ന ഒരു സ്ഥിവിശേഷം വർഷങ്ങളായി തുടർന്നു വരുന്നു. കർണ്ണാടക അതിർത്തിക്കടുത്തുള്ള മഞ്ഞടുക്കം തുളുവനം ക്ഷേത്രവും

അമ്പലത്തറയ്ക്ക് സമീപമുള്ള പാറപ്പള്ളി ജുമാമസ്ജിദും അന്യ മതസ്ഥരെ ആകർഷിക്കുന്ന ആരാധനാലയങ്ങളാണ്. ചെറുവത്തൂർ വീരഭദ്ര ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് രണ്ടു യുവാക്കളുടെ പ്രതിമകൾ കാണാം. ടിപ്പുവിന്റെ പടയോട്ടകാലത്ത് ടിപ്പുവിനെതിരെ പോരാടി വീരമൃത്യു വരിച്ച രണ്ടു മുസ്ലീം യുവാക്കളുടെ പ്രതിമകളാണിത്.

## പേരിലെ പൊരുൾ

1731 ൽ ഹോസ്ദുർഗ്ഗ് കോട്ട നിർമ്മിച്ചത് ഇക്കേരി നായക്കന്മാരിൽ പ്രമുഖനായ സോമശേഖര നായക്കായിരുന്നു. കന്നഡയിൽ ഹോസ്ദുർഗ്ഗ് എന്നാൽ പുതിയകോട്ട എന്നാകുന്നു. ക്രമേണ പ്രദേശത്തിന് ഹോസ്ദുർഗ്ഗ് എന്നും പുതിയകോട്ട എന്നും സ്ഥലപ്പേരുണ്ടായി. പിന്നീട് പേര് ലോപിച്ച് പുതിയോട്ടയായ് മാറി. താലൂക്ക് പുനസംഘടിപ്പിച്ചപ്പോൾ താലൂക്കിന്റെ പേരും ഹോസ്ദുർഗ്ഗ് ആയി. ഈ കോട്ടയുടെ നിർമ്മാണത്തിന് പുറത്തുനിന്നു വന്ന തൊഴിലാളികളെ ഒന്നര കിലോമീറ്റർ വടക്കുമാറിയായിരുന്നു താമസിപ്പിച്ചത്. കോട്ട നിർമ്മാണത്തിനുള്ള തൊഴിലാളികളെ പാർപ്പിച്ചതിനാൽ ആ സ്ഥലം കോട്ടച്ചേരിയായി മാറി. നീലമഹർഷി നീലകണ്ഠനെ (പരമേശ്വരൻ) പൂജിച്ച സ്ഥലമാണ് പിന്നീട് നീലേശ്വരമായിമാറിയത്. ശിവനെ പൂജിക്കുവാൻ മഹർഷിക്ക് ശവസ്പർശമേൽക്കാത്ത മണ്ണ് ആവശ്യമായിരുന്നു. പല സ്ഥലങ്ങളും ചുറ്റിതിരിഞ്ഞ മഹർഷിക്ക് പ്രസ്തുത സ്ഥലം ലഭ്യമായത് നീലേശ്വരത്ത് വെച്ച് ഒരു തളികവൃത്തത്തിൽ മാത്രമായിരുന്നു. അവിടെ തളികവെച്ച് പൂജിച്ചതിനാൽ തളികവെച്ച സ്ഥലം തളിയിൽ ക്ഷേത്രമായും പൂജിച്ച പ്രദേശം നീലൻ ഈശ്വരനെ പൂജിച്ച സ്ഥലം എന്ന നിലയിൽ നീലേശ്വരമെന്നും ആയെന്നാണ് പഴമക്കാർ പറയുന്നത്.

## ആലാമിപ്പള്ളി



നിർദ്ദിഷ്ട കാഞ്ഞങ്ങാട് ബസ്റ്റാന്റ് സ്ഥിതിചെയ്യുന്ന ആലാമിപ്പള്ളിക്കുമുണ്ടൊരു ഭൂതകാലചരിത്രം. മുഗൾവംശത്തിന്റെ പിൻമുറക്കാരെന്ന് കരുതപ്പെടുന്ന തുർക്കി (ഷെയ്ക്ക്) മുസ്ലീംങ്ങളുടെ പ്രത്യേക ആരാധനാലയ

കേന്ദ്രമായി അവിടെ സ്ഥാപിക്കപ്പെട്ട പള്ളിയാ ആപേരിനാധാരംഹിന്ദു മുസ്ലീം മൈത്രിയുടെ ഒരു മാതൃക ആരാധനാലയകേന്ദ്രമായിരുന്നു ഈ പള്ളി. ഹിജ്റ വർഷത്തിലെ മുഹറംമാസത്തിന്റെ ആരംഭത്തിൽ ഹിന്ദുയുവാക്കൾ വഴിപാടിന്റെ ഭാഗമായ് പള്ളിയിലെത്തുകയും പൂ ചൂടിയ പായത്തൊപ്പിയും, ശരീരത്തിൽ കരിപുരട്ടിയുമുള്ള വേഷം ധരിച്ച് കോൽക്കളിയുമായി സമീപപ്രദേശങ്ങളിലെ ഭവനങ്ങളിൽ ഭിക്ഷ തേടുന്നു. മുഹറമാസാവസാനത്തിൽ അലാമികൾ എന്ന് നാമകരണം ചെയ്യപ്പെട്ട ഈ യുവാക്കൾ ക്ഷേത്രത്തിലെത്തി വേഷം അഴിച്ചുമാറ്റുന്നു. പള്ളിയോടൊപ്പം ഈ ആരാധനാരൂപങ്ങളും ചരിത്രവിസ്മൃതിയിലായി.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ജില്ലയിലെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന നീലേശ്വരത്ത് 1918-ൽ സ്ഥാപിതമായ രാജാസ് ഹൈസ്കൂളാണ് ജില്ലയിലെ ആദ്യത്തെ സെക്കന്ററി വിദ്യാലയം. ഇംഗ്ലീഷ് തമ്പുരാൻ എന്നുവിളിക്കുന്ന രാമവർമ്മ രാജയാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. കർണ്ണാടകയിൽ നിന്നു പോലും വിദ്യാർത്ഥികളെ ആകർഷിച്ച ഈ വിദ്യാലയം മലബാറിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയങ്ങളിൽ ഒന്നാണ് മുണ്ടശ്ശേരി മാസ്റ്റർ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ 1958 ൽ കാസർഗോഡ് കുഞ്ഞുമാവിന്റെ അടിയിൽ അനുവദിച്ച കാസർഗോഡ് ഗവൺമെന്റ് കോളേജാണ് ജില്ലയിലെ ആദ്യത്തെ കലാലയം. ആ സ്ഥലത്തെ വിദ്യാനഗർ എന്ന് മുണ്ടശ്ശേരി മാസ്റ്റർ നാമകരണം ചെയ്തു. കാസർഗോഡ് കുഡ്ലുവിലുള്ള സി.പി.സി.ആർ.ഐയുടെ കേര ഗവേഷണ കേന്ദ്രമാണ് മറ്റൊരു പ്രധാന സ്ഥാപനം. നീലേശ്വരത്തെ കാർഷിക ഗവേഷണ കേന്ദ്രവും മറ്റൊരു പ്രധാന സ്ഥാപനമാണ്. ഈ ഗവേഷണ കേന്ദ്രം കാർഷിക സർവ്വകലാശാലയായി മാറി.

കാസർഗോഡിന്റെ തനതായ കലാരൂപമാണ് യക്ഷഗാനം. കഥകളിയുമായി സാദൃശ്യമുള്ള ഈ കലാരൂപത്തെ കർണ്ണാടക കഥകളി എന്നും വിളിക്കാറുണ്ട്. കർണ്ണാടകയിൽ നിന്നും വ്യാപിച്ച ഈ കലാരൂപം കഥകളിയിൽ നിന്നും വ്യത്യസ്തമായി പിന്നണിയിലെ പാട്ടുകാരോടും മേളക്കാരോടൊപ്പം അഭിനേതാവ് തന്നെ ഗാനങ്ങളും സംഭാഷണങ്ങളും നടത്തുന്നു. കർണ്ണാടക സാഹിത്യകാരനായ ശിവറാം കാറന്ത് ഇതിനെ നവീകരിക്കുകയും ജനകീയ ശ്രദ്ധ ഉണ്ടാക്കുകയുംചെയ്തു.

# കാസർഗോഡ് കുള്ളനും ചില കൂട്ടുകാരും

നമ്മുടെ നാട്ടുപശുക്കൾ അവയുടെ സന്തതി പരമ്പരയ്ക്കായി ചുരത്തിയ പാൽ നാം കവർന്നുകുടിയ്ക്കുകയോ നമ്മുടെ കുഞ്ഞുങ്ങൾക്ക് അമ്മിഞ്ഞപ്പാലിനു പകരമായി നൽകിയതോ പോട്ടെ. അവയുടെ വംശം തന്നെ ഏതാണ്ടില്ലാതാക്കാൻ നാം ശ്രമിച്ചു എന്ന അപരാധത്തിൽ നിന്ന് നമുക്ക് മാപ്പു ലഭിക്കുമെന്ന് കരുതുന്നുണ്ടോ?

ഇന്ന് നമുക്ക് ചാണകഗന്ധം ദുർഗന്ധമാണ്. പക്ഷേ അത് നമ്മുടെ നാട്ടുജീവിതത്തിൽ സുഗന്ധമായിരുന്നു. ജൈവകൃഷിയുടെ പരിസ്ഥിതിപാഠങ്ങൾ പകരുന്ന ജൈവീകമായ വിശുദ്ധഗന്ധം. ഏറെ വൈകിപ്പോയാണെങ്കിലും ഇന്നും നാം നമ്മുടെ നാട്ടുപശുക്കളുടെ ഗന്ധവും മാഹാത്മ്യവും തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു എന്നത് പ്രത്യാശാജനകമാണ്. കേരളത്തിന്റെ നാട്ടുപശുക്കളിൽ ഹീറോ തന്നെയായ കാസർഗോഡ് കുള്ളനെക്കുറിച്ചും സമാനമായ മറ്റു ചില നാട്ടുപശുവർഗ്ഗങ്ങളെക്കുറിച്ചുമുള്ള ചിന്തയാണ് ഇവിടെ.

## കാസർഗോഡ് കുള്ളൻ



അത്യുത്തര മലബാറിൽ ഐശ്വര്യത്തിന്റെ പ്രതീകമെന്നോണം വളർത്തിയിരുന്നവയാണ് കാസർഗോഡ് കുള്ളൻ എന്ന നാട്ടുപശു. ഒരു വീട്ടിൽ പത്ത്-പതിനഞ്ച് പശുക്കളെ വരെ വളർത്തിയിരുന്നവരുണ്ട്, പണ്ട്. പ്രതിദിനം രണ്ട്-മൂന്ന് ലിറ്റർ പാല് വരെ മാത്രമേ ഒരു പശുവിൽ നിന്ന് ലഭിക്കുമായിരുന്നുള്ളൂ. പക്ഷേ അവയുടെ ഔഷധമൂല്യം വളരെ ഉയർന്നതാണ്. പാലിലെ പ്രോട്ടീൻ ഏറെ ഗുണമേന്മയുള്ളതാണ്. ഇന്ത്യൻ തനതു ജനുസ്സുകളുടെ പാലിലുള്ള A1,A2 പ്രോട്ടീൻ ഇവയിലും കണ്ടുവരുന്നു. കൂടിയ അളവിലുള്ള A2 പ്രോട്ടീൻ കാൻസർ രോഗത്തെ തടയാൻ ഉപകരിക്കും. കൊഴുപ്പു കണികകളുടെ വലിപ്പം ചെറുതായതിനാൽ ഇവ എളുപ്പത്തിൽ ദഹിക്കുന്നവയാണ്. കുട്ടികൾ,

പ്രായമായവർ, രോഗികൾ എന്നിവർക്ക് ഇത് ഏറെ ഫലപ്രദമാണെന്ന് ഗവേഷണപഠനങ്ങൾ വ്യക്തമാക്കുന്നു. തൈര്, മോര്, നെയ്യ് എന്നിവ ഔഷധമൂല്യത്തിൽ മുന്നിലാണ്. ഈ പശുക്കളിൽ നിന്നുള്ള പഞ്ചഗവ്യം, ഗോമൂത്രം, ജൈവവളം എന്നിവയും ഏറെ മികവുറ്റതാണ്.

കേരളത്തിലെ തനത് ഇനങ്ങളുടെ പ്രധാന പ്രത്യേകത അവയുടെ പൊക്കക്കുറവാണ്. ലോകത്തിലെ ഏറ്റവും ഉയരം കുറഞ്ഞ പശു ഇപ്പോൾ കാസർഗോഡ് കുള്ളനാണ്. ഭാരതത്തിന്റെ തനതു പശുവർഗ്ഗങ്ങളിൽ ഒരു മീറ്ററിൽ താഴെ ഉയരമുള്ള ഇവയുടെ രോഗപ്രതിരോധശേഷി, ക്ഷുദ്രജീവികൾക്കെതിരെയുള്ള പ്രതിരോധശേഷി എന്നിവ ശ്ലാഘനീയമാണ്. പ്രത്യേകിച്ച് പരിചരണവും ഇവയ്ക്ക് ആവശ്യമില്ല. മേഞ്ഞുനടന്ന്, പാറപ്പുല്ല് തിന്ന്, വിശ്രമിക്കാറാവുമ്പോ വീട്ടിലെത്തുമായിരുന്ന ഇവ മേയാൻ പോയി തിരിച്ചുവരുമ്പോൾ പ്രസവിച്ച് കന്നുകാലിയുമായി തിരിച്ചുവന്നിരുന്ന കഥകളും കാസർഗോഡൻ ക്ഷീരപുരാവൃത്തങ്ങളിൽ ധാരാളമാണ്. ഇവ സ്വൈരമായി ജീവിച്ചിരുന്ന കാസർഗോഡ് മഞ്ചേശ്വരം ബ്ലോക്കുകളിലെ പാറപ്രദേശങ്ങളിൽ അവയെ തുരത്തി നാം പറങ്കിമാവ് നട്ടു. പൂത്ത പറങ്കിമാവിൽ കീടം കൂടാതിരിക്കാൻ നാം ആകാശമാർഗത്തിലൂടെ പുത്തൻ പുഷ്പകവിമാനങ്ങൾ വരുത്തി. അവ പറങ്കിമാവിന്റെ പൂക്കളിൽ മാത്രമല്ല നമ്മുടെ നാളെയുടെ പ്രതീക്ഷകളുടെ പൂക്കൾക്കുമേലെയും എൻഡോസൾഫാൻ വിതച്ചു!

## വെച്ചൂർ പശു



കേരളത്തിലെ പ്രധാനപ്പെട്ട മറ്റൊരിനം നാട്ടുപശുവാണ് വെച്ചൂർ പശു. ഇത് ലോകത്തിലെ ഏറ്റവും ചെറിയ കന്നുകാലി ഇനങ്ങളിൽ മറ്റൊന്നാണ്. ഇവയുടെ ഉയരം 85-87 സെ.മീ ഉം നീളം 124 സെ.മീ ഉം മാത്രമാണ്. വൈക്കത്തിനടുത്ത വെച്ചൂറാണ് സ്വദേശം. പ്രതിദിന പാലുൽപാദനം രണ്ടര, മൂന്നര ലിറ്ററാണ്. പുരാതനകാലം മുതൽക്കുതന്നെ ആയുർവേദ വിധിപ്രകാരമുള്ള ഔഷധങ്ങൾ തയ്യാറാക്കുന്നതിന് ഇവയുടെ പാൽ ഉപയോഗിക്കുന്നുണ്ട്. അടുത്ത കാലത്തായി നടത്തിയ വിവിധ

പഠനങ്ങൾ വഴി വെച്ചൂർ പശുവിന്റെ പാലിൽ ഔഷധമൂല്യം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

കിടാവിനും, ചെറിയ ഒരു കുടുംബത്തിനും ആവശ്യമായ പാൽ ഉൽപാദിപ്പിക്കാൻ ഒരു വെച്ചൂർ പശുവിന് കഴിയും. പാലിലെ കൊഴുപ്പിന്റെയും മൂലകങ്ങളുടെയും അളവ് മറ്റു പശുക്കളുടെ പാലിനേക്കാൾ കൂടുതലാണ്. കൊഴുപ്പു കണങ്ങളുടെ വലിപ്പം കുറവായതിനാൽ ദഹനത്തിനും ആഗിരണത്തിനും എളുപ്പമാണ്. അതുകൊണ്ട് വൃദ്ധർ, ശിശുക്കൾ, രോഗികൾ എന്നിവർക്കെല്ലാം ഏറ്റവും അനുയോജ്യമാണ് ഈ പാൽ. ഇവയുടെ പരിപാലനത്തിന് വലിയ ചെലവില്ല. കുറഞ്ഞ അളവിലുള്ള തീറ്റ മതിയാകും. വലിയ സൗകര്യങ്ങളുള്ള തൊഴുത്തിന്റെയും ആവശ്യമില്ല.

130 കിലോഗ്രാം വരെ ഭൂക്കം മാത്രമുള്ള ഇവയുടെ പാൽ പ്രമേഹം, ഓട്ടിസം, ഹൃദ്രോഗം മുതലായവയ്ക്കൊക്കെ മരുന്നായി ഉപയോഗിക്കാമെന്നും അഭിപ്രായങ്ങളുണ്ട്. ഇവരെ കൈകാര്യം ചെയ്യാൻ വളരെ എളുപ്പമാണ്.

## വടകര കുള്ളൻ



വംശനാശത്തിന്റെ വക്കിലുള്ള മറ്റൊരു കുള്ളൻ ഇനമാണ് വടകര കുള്ളൻ. ഈ അടുത്തകാലത്ത് നടത്തിയ ഒരു സർവ്വേയിൽ ഏകദേശം നൂറിൽ താഴെയുള്ള എണ്ണം മാത്രമേ വടകര കുള്ളൻ ഇനങ്ങളുള്ളൂ.

ഇവയ്ക്ക് കാസർഗോഡൻ കുള്ളനേക്കാൾ അൽപം ഉയരം കൂടുതലാണ്. നാലുലിറ്റർ വരെ പ്രതിദിനം പാലുൽപ്പാദനം ഇവയ്ക്കുണ്ട്. ഇവയുടെ പാലും കൊഴുപ്പു കൂടിയതാണ്. രുചിയിലും വ്യത്യാസമുണ്ട്. ഇത്തരം പശുക്കൾക്ക് പച്ചപ്പുല്ലും പിണ്ണാക്കുമാണ് പ്രധാന ആഹാരം. കാലിത്തീറ്റ വേണമെന്നില്ല. ചാണകം, മൂത്രം എന്നിവ കൃഷിക്ക് ഏറെ ഗുണകരമാണ്.

## ഹൈറേഞ്ച് കുള്ളൻ

വംശനാശം സംഭവിച്ചു എന്നുകരുതിയ ഈ ഇനത്തെ ഇപ്പോൾ

കണ്ടെത്തിയിട്ടുണ്ട്. ഇവയ്ക്ക് 100 സെന്റീ മീറ്ററോളം ഉയരവും 90 സെന്റീ മീറ്ററോളം നീളവും ഉണ്ടാവും. ഇവയ്ക്ക് ചെറിയ ശരീരവും വളരെ ചെറിയ തലയുമായിരിക്കും. മുതുകിൽ വ്യക്തമായ മുഴ ഉണ്ടായിരിക്കും. ഇവയുടെ ചെവിയും വളരെ വലുതാണ്.

ഇവ ചുവപ്പിന്റെ\ വകഭേദങ്ങളിലോ ചാരനിറത്തിലോ ആണ് സാധാരണ കാണുക. കൊമ്പില്ലാത്ത ഇനമാണ്. ഇവയ്ക്ക് വളരെ ചൂടുകൂടിയ കാലാവസ്ഥയിലും ജീവിക്കാൻ സാധിക്കും. പച്ചപ്പുല്ല് മാത്രം തിന്ന് ജീവിക്കുന്നു. പ്രതിദിനം രണ്ട്-മൂന്ന് ലിറ്റർ



പാലുൽപ്പാദിപ്പിക്കും. കൊഴുപ്പുകൂടിയതും ഔഷധഗുണം നിറഞ്ഞതുമാണ് ഇവയുടെ പാൽ. ഇവയെ വളർത്താൻ ഒരു കാലിത്തൊഴുത്തിന്റെ പോലും ആവശ്യമില്ല എന്നുള്ളതാണ് രസകരം.

ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് പ്രദേശമാണ് ഇവയുടെ സ്വദേശം. ഇവ നല്ല മാംസോൽപാദകരുമാണ്. ഇവയുടെ തീറ്റയ്ക്കായി വലിയ മുതൽമുടക്ക് ആവശ്യമില്ലതാനും.

## ചെറുവള്ളിക്കാലി

കറുത്ത നിറവും ഉയർന്ന രോഗപ്രതിരോധശേഷിയുമുള്ള മറ്റൊരിനമാണ്. ഈ ഇനത്തിൽ പെട്ട ശുദ്ധമായ പശുക്കളെ കണ്ടുകിട്ടാൻ വളരെ പ്രയാസമാണ്. ഇവയുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളിക്കടുത്തുള്ള ചെറുവള്ളി എസ്റ്റേറ്റ് പരിസരത്താണ് ഇവയെ കണ്ടെത്തിയത്. വെച്ചൂർ പശുവിന്റെ തലതൊട്ടമ്മയായ ഡോ. ശോശാമ്മ ഐപ്പിന്റെ അന്വേഷണത്തിലാണ് ഇവയെ കണ്ടെത്തിയത്. വിവിധ നിറങ്ങളിൽ കാണപ്പെടുന്ന ഇവയിൽ നല്ല വെള്ളനിറമുള്ളവരുണ്ട്. കറുപ്പ് നിറക്കാറുണ്ട് ; തവിട്ടുനിറക്കാരുമുണ്ട്. കൊമ്പ് തീരെ ചെറുതാണ് സൂചിക്കൊമ്പ്, കൊമ്പില്ലാത്ത മോഴകളുമുണ്ട്.

വെച്ചൂർ പശുക്കളേക്കാൾ അല്പം കൂടി പൊക്കമുള്ള ഇവയുടെ വാൽ നിലത്തുമുട്ടും. പ്രത്യേകിച്ച് പശുക്കളിൽ. ദേഹത്ത് വന്നിരിക്കുന്ന കൊതുകിനെയും ഈച്ചയെയുമൊക്കെ അടിച്ചു കൊല്ലാൻ പറ്റിയ വാൽ. മലമ്പ്രദേശങ്ങളിൽ ഓടിച്ചാടി നടക്കാൻ പാകത്തിൽ തീരെ ചെറിയ കുളമ്പ്.

വിദേശപ്പശുക്കളിൽ കണ്ടുവരുന്ന കുളമ്പുദീനമോ അകിടു വീക്കമോ ഇവയിൽ കാണാറില്ല. രോഗപ്രതിരോധശേഷി വളരെ കൂടുതലാണ്. വെച്ചൂർ പശുക്കളെപ്പോലെ ഇവയ്ക്കും തീറ്റ കുറച്ചുമതി. അടുക്കളയിൽ ബാക്കിവരുന്ന പച്ചക്കറി അവശിഷ്ടങ്ങൾ, അൽപ്പം പുല്ലും, കഞ്ഞിവെള്ളം, കാടിവെള്ളം തീർന്നു അവയുടെ മെനു.

ശാന്തസ്വഭാവക്കാരാണ് ചെറുവള്ളിക്കാലികൾ. മറ്റു പശുക്കളിൽ നിന്നും ഇവരെ വ്യത്യസ്തരാക്കുന്നതും ഇവരുടെ കഴുത്തും കഴുത്തിനടിയിലെ താടിയുമാണ്. സൗന്ദര്യം തുളുമ്പുന്ന ഇറക്കമുള്ള താടി ആകർഷകമാണ്.

## നാട്ടുപശുക്കളുടെ മഹത്വം

ധവളവിപ്ലവത്തിന്റെ പാലാഴിപ്പത നാടെങ്ങും നിറയ്ക്കാനുള്ള വ്യഗ്രതയിൽ നാം കാണാതെ പോയ കാമധേനുക്കളുടെ കഥയാണത്-കാമിക്കുന്നതെന്തും നൽകുന്ന, സമസ്ത അംഗങ്ങളിലും മനുഷ്യനു ഗുണകരമായ ദൈവങ്ങളെ കുടിപാർപ്പിച്ച, കാമധേനുവിന്റെ കഥ. യഥാർത്ഥത്തിൽ അത് നമ്മുടെ നാട്ടുപശുക്കളുടെ കഥ തന്നെയാണ്.

കേരളത്തിലെ പ്രധാന നാട്ടുപശുക്കളെ നാം കണ്ടുവല്ലോ. ഇനി ഇന്ത്യയിലെങ്ങുമുള്ള നാട്ടുപശുവർഗ്ഗങ്ങളെ മനസ്സിലാക്കാം.

കാങ്കയം(കോയമ്പത്തൂർ), അമ്പ്ലച്ചേരി(തഞ്ചാവൂർ), ബാരശൂർ(ഇറോഡ്), ഹാലികർ(കർണാടക), അമൃതമഹൽ(കർണാടകയിലെ ചിക്കുംഗളൂർ), ആലമ്പാടി(സേലം) (കർണാടകയിലെ ബീജാപൂർ), കൃഷ്ണാ(കൃഷ്ണാവാലി-കർണാടക), പിയോനി(മറാത്തവാഡ-മഹാരാഷ്ട്ര), ഓംഗോൾ(നെല്ലൂർ-ആന്ധ്രിറെഡ് കാന്താരി(കാന്താർ-മഹാരാഷ്ട്ര), സാൻഗി ഘശ്രുനാസിക്-മഹാരാഷ്ട്ര), കാങ്കറേജ്(കച്ച്-ഗുജറാത്ത്), രാത്തി(രാജസ്ഥാൻ), നാഗോരി(നാഗോർ-രാജസ്ഥാൻ), മിവാറ്റി(അൽവാരി), ഹിസാർ(ഹരിയാനി),

ഗിർ(ഗുജറാത്ത്), ബച്ചൂർ(ബീഹാർ), മാൽവി(മാർവ-ഗ്വാളിയാർ), നികോരി(നർമദാവാലി), കെൻവാരിയ(കെൻനഭീതടം),യുപി ഖിരിഗോ(യുപി), റെഡ്സിന്ധി(കറാച്ചി), സഹിവാൾ(പഞ്ചാബ്), താർപാർക്കർ(താർമരുഭൂമി) എന്നിവയാണ് ഭാരതീയ തനതു വർഗ്ഗങ്ങൾ. ഇത് കേരളം ഉൾപ്പെട്ടിട്ടില്ല.

അങ്ങനെ ഏതാണ്ട് നാൽപ്പതോളം തനതു പശു ഇനങ്ങളുള്ള ഇന്ത്യയിൽ ഇന്ന് ഇവയിൽ മിക്കവയും വിസ്മൃതിയിലായിക്കൊണ്ടിരിക്കുകയാണ് എന്നത് അങ്ങേയറ്റം ദു:ഖകരമാണ്. നമ്മുടെ ആധുനിക ജീവിതം വംശനാശത്തിന്റെ വക്കിലെത്തിച്ച ഈ നാട്ടുപശുക്കളുടെ മാഹാത്മ്യങ്ങൾ കേട്ടാൽ നാം അത്ഭുതം കൂറും.

## പശു തരുന്ന പരിസ്ഥിതിപാഠങ്ങൾ

പശു നമുക്ക് എന്താണ് തരുന്നത്?പാൽ... നീട്ടിപ്പിടിച്ച് പ്രൈമറി ക്ലാസുകളിൽ നമ്മളങ്ങനെ ഉത്തരം പറഞ്ഞതിനു കാരണം എന്താണ്? 'പ' എന്ന അക്ഷരത്തെ നാം തിരിച്ചറിഞ്ഞ് പശു എന്ന പദത്തിലൂടെയും മലയാളപാഠാവലിയിൽ അതിനു താഴെ കൊടുത്ത 'പശു നമുക്ക് പാൽ തരുന്നു' എന്ന വാക്യത്തിലൂടെയുമാണ് എന്നതുകൊണ്ടാണത്. പശുവിന്റ പാല് കുടിച്ചു വളർന്നു നിവരുകയും മിൽമ പാൽ ചായ കുടിച്ചുണർന്നു കാലൂന്നി നിൽക്കുകയും ചെയ്തു. നാമിന്നാലോചിക്കുമ്പോൾ പശു നമുക്കു എന്തു തരുന്നു എന്ന ചോദ്യത്തിന് നമ്മുടെ മക്കൾ എന്തുത്തരം പറയും? പറയുമോ സാധ്യത കുറവാണ്. നമുക്ക് പാൽ ലഭിക്കുന്നത് ഫാം,മിൽമ എന്നിവിടങ്ങളിൽ നിന്നുമാണെന്നു മാത്രമേ ഭൂരിപക്ഷം കുഞ്ഞുങ്ങൾക്കുമറിയൂ. അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവരിലെത്രപേർ പശുത്തൊഴുത്ത് കണ്ടിട്ടുണ്ട്. എത്ര പേർ പുൽക്കൂടിയും പുല്ല് നിറക്കുന്ന വല്ലവും കണ്ടിട്ടുണ്ട്. എത്ര പേർ പുല്ലരിയാൻ പോയി പ്രകൃതിയുടെ വിസ്മയങ്ങൾ കണ്ടിട്ടുണ്ട്. നമുക്ക് പശുക്കളെ വളർത്തുന്ന, നമ്മുടെ വീടിനോട് ചേർന്ന് പശുത്തൊഴുത്ത് പോറ്റുന്ന, വീട്ടിൽ പുല്ലും വല്ലവും ചാണക്കുഴിയും വൈക്കോൽത്തുറുവും പശുക്കുട്ടിയുമുള്ള, ഒരു നാട് ഇനി കേവലം സങ്കല്പം മാത്രമാകുമോ? ആകരുത്. നമുക്ക് നാട്ടുപശുക്കളുടെ സംരക്ഷണത്തിലൂടെ തനതായ ഒരു പുതിയ സംസ്കാരത്തിന്റെ നാട്ടുനന്മൊഴികളെ ഉണർത്താം.

# സ്നേഹിത

സൗഹൃദങ്ങളൊക്കെയും പുതുയുഗ
യാന്ത്രിക ബിംബങ്ങളായി വെറും
മുഖങ്ങളായി മുഖം മൂടികളായി
അട്ടഹസിച്ചീടുമീ വേളയിൽ
അപൂർവ്വമെങ്കിലും കാണാം
സ്നേഹബിംബങ്ങൾ
ഇവളെന്റെ സ്നേഹിത, എൻ
ജീവിതവാടിയിലിന്നൊരു
സൗഹൃദ പൂവായി വിരിഞ്ഞവൾ



നന്മകളുടെ ലക്ഷ്മിയായി ശ്രീ ജന്മം കൊണ്ടവൾ
മുഖംമൂടിയില്ലാത്ത പുറംമോടി പറയാതെ
ശുഭകാര്യചിന്തകൾ ചുറ്റിലും ചൊരിഞ്ഞവൾ
ഇവൾ എന്നും എൻ പ്രിയ കൂട്ടുകാരി
കൂട്ടായി വന്നു നീ കൂടെ പാടി നീ
മനതാരിലെന്നും നിലവിളക്കേന്തി നീ
നമുക്കിടയിൽ ഉതിരുന്ന സ്നേഹത്തിൻ നന്മകൾ
പരസ്പരം ആഴത്തിൽ നോക്കുന്ന നയനങ്ങൾ
സ്നേഹത്താൽ പുണരുന്ന ഹസ്തങ്ങൾ
പിന്നെ സാന്ത്വനമേകുന്ന മൊഴികളും
ആശ്വാസമേകുമീ ജീവിത യാത്രയിൽ
ഇവളെന്റെ സ്നേഹിത
ശ്രീ ജന്മം കൊണ്ടവൾ

കാലാന്തരങ്ങളായി ഞാൻ തേടിയലഞ്ഞവൾ.

# ವಿಶಾಲ ಕೇರಳ



ನಮ್ಮ ಕೇರಳವು ಸುಂದರ ಭೂಪ್ರಕೃತಿಯನ್ನು ಹೊಂದಿರುವ ರಾಜ್ಯ. ತೋಡು , ಕಾಡು , ನದಿ ಮುಂತಾದ ಸುಂದರ ಪ್ರಕೃತಿಯನ್ನು ಹೊಂದಿದೆ. ಕೇರಳದಲ್ಲಿರುವ ಸಾಂಸ್ಕೃತಿಕ ಕಲೆ ,ಆಚಾರನುಷ್ಠಾನಗಳು ಬಹಳ ಮನೋಹರವಾಗಿದೆ . ಬೇರೆ ಬೇರೆ ಜಾತಿ ,ಮತದಲ್ಲಿರುವ ಜನರು ಇಲ್ಲಿ ಒಂದೂಗೂಡಿ ಜೀವಿಸುವುದನ್ನು ಕಾಣಬಹುದು . ಒಂದಾಗಿ ಆಚರಿಸುವ ಹಬ್ಬಗಳು ,ಒಗ್ಗಟ್ಟಿನಲ್ಲಿ ಬಾಳುವುದೇ ಇಲ್ಲಿಯ ವೈಶಿಷ್ಟ್ಯವಾಗಿದೆ . ಇಲ್ಲಿ ೧೪ ಜಿಲ್ಲೆಗಳಿದ್ದು ಕೇರಳದ ಜನರು ಒಟ್ಟಾಗಿ ಹೇಳಿದರೆ ಒಂದೇ ಮರದ ರೆಂಬೆಗಳಂತೆ ಬಾಳುತ್ತಿದ್ದಾರೆ.

ಆದರೆ ಇತ್ತೀಚಿಗಿನ ಕಾಲದಲ್ಲಿ ಕೇರಳವು ಒಂದು ದೊಡ್ಡ ದುರಂತವನ್ನು ಎದುರಿಸಿದೆ. ಒಂದು ಭಯಾನಕ ಪ್ರಳಯವು ಎಷ್ಟೋ ಜನರ ಜೀವವನ್ನೇ ಬಲಿ ತೆಗೆದುಕೊಂಡಿತು . ಹಲವಾರು ಜನರ ಮನೆ , ಸಂಪತ್ತು ನಷ್ಟವಾಯಿತು , ಜನರು ಎಷ್ಟೋ ದಿನ ಆಹಾರವಿಲ್ಲದೆ ದಿನ ಕಳೆಯಬೇಕಾಗಿ ಬಂತು . ಇಂತಹ ಕಷ್ಟಗಳನ್ನು ಸಹಿಸಿ, ಬಂದ ತೊಂದರೆಗಳನ್ನು ಎದುರಿಸಿ ಜನರು ಹೊಸ ಜೀವನಕ್ಕೆ ಕಾಲಿಟ್ಟರು . ಜನರು ಸಹಕಾರ ಮನೋಭಾವದಿಂದ ಸಾಮರಸ್ಯದಿಂದ ಬಾಳಿದುದರಿಂದ ಪ್ರಳಯವನ್ನು ಅನುಭವಿಸುವಾಗಲು ಅವರಲ್ಲಿ ಒಂದೇ ಮಾತು ನಾವೆಲ್ಲರು ಒಂದೇ. ಅವರಲ್ಲಿರುವ ಧೈರ್ಯ , ಒಳ್ಳೆಯ ಮನಸ್ಸು , ಅವರಲ್ಲಿರುವ ಒಳ್ಳೆ ಚಿಂತನೆಗಳು ಮರುಜೀವನ ನಡೆಸಲು ಅವರಿಗೆ ಸಹಾಯಕವಾಯಿತು .

ಈ ರೀತಿಯ ದುರಂತ ಸಂಭವಿಸಲು ಕಾರಣ ಮನುಷ್ಯನಲ್ಲಿರುವ ಅತಿ ಆಸೆಯೆ . ಹಣಕ್ಕೆ ಬೇಕಾಗಿ ಮಾಡಿದ ಕಾರ್ಯಕ್ಕೆ ಅವರಿಗೆ ದುರಂತಗಳ ಮೂಲಕ ಪ್ರಕೃತಿಯು ಶಿಕ್ಷೆಯನ್ನು ನೀಡಿತು. ಪ್ರಕೃತಿ ಸೊಬಗನ್ನು ನಾಶ ಮಾಡುವ ಮಾನವನಿಗೆ ತಕ್ಕ ಶಿಕ್ಷೆ ಸಿಗಲೇ ಬೇಕು . ಸೌಂದರ್ಯದಿಂದ ಕಂಗೊಳಿಸುತಿದ್ದ ಕೇರಳವು ಇಂದು ನಾಶ ಹೊಂದಿದೆ. ಆದರೆ ಕ್ರಮೇಣ ಸರಿಯಾಗುತ್ತಾ ಬಂದಿವೆ . ಆದುದರಿಂದ ಇನ್ನಾದರೂ ಪ್ರಕೃತಿಯನ್ನು ಪ್ರೀತಿಸಿ ಅದನ್ನು ಸಂರಕ್ಷಿಸಿ ಮಾಲಿನ್ಯವಿಲ್ಲದ ಜಗತ್ತಿನಲ್ಲಿ ಸುಃಖ ಬಾಳು ನಡೆಸೋಣ



'ಗಿಡಗಳನ್ನು ನೆಡಿರಿ'

# ಪರಿಸರವನ್ನು ಸಂರಕ್ಷಿಸಿರಿ

# ഭൂമിയുടെ ചോരുന്ന കുട



സൂര്യപ്രകാശത്തിനൊപ്പം അതിശക്തമായ അൾട്രാവയലറ്റ് വികിരണങ്ങളും ഭൂമിയിലേക്ക് വരുന്നുണ്ട്. എന്നാൽ,ഈ വികിരണങ്ങളെ തടഞ്ഞു നിർത്തി ഭൂമുഖത്തെ ജീവജാലങ്ങളെ സംരക്ഷിക്കാൻ ഓസോൺ പാളി എന്ന വാതക പടലമുണ്ട്. മനുഷ്യന്റെ പുതിയ ജീവിത രീതികൾ മൂലം ഭൂമിയുടെ കുടയായ ഓസോണിനും വിള്ളൽ വീണിരിക്കയാണ്.ഓസോൺ നശിച്ചാൽ ഒരു ജീവജാലവും പ്രകൃതിയിൽ അവശേഷിക്കില്ല.അതിനാൽ ഓസോണിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി എല്ലാ വർഷവും സെപ്തംബർ 16 ഓസോൺ ദിനമായി ആചരിക്കുന്നു.



## വിഷമിക്കേണ്ട,സമാധാനമുണ്ടാക്കാം

"കണക്കുപരീക്ഷയുടെ കാര്യമോർക്കുമ്പോൾ ഒരു സമാധാനവും ഇല്ലമ്മേ " അശ്വതി അമ്മയോട് പറഞ്ഞു. "ഞാൻ പറഞ്ഞുതരുന്നതുപോലെ ഒരു കണക്കുചെയ്താൽ സമാധാനം ഉണ്ടാകും,തീർച്ച." അമ്മ സമാധാനിപ്പിച്ചു. 'മാസങ്ങളിൽ മേടം പ്രധാനം'എന്ന് പുസ്തകത്തിൽ എഴുതുക. അതിനു ശേഷം ഓരോ അക്ഷരത്തിനും പൂജ്യം മുതൽ ഒമ്പത് വരെയുള്ള അക്കങ്ങൾ കോഡ് നമ്പറായി നൽകുക. ഇനി മൂന്ന് അക്കങ്ങളുള്ള ഒരു സംഖ്യ എഴുതുക.ആദ്യ അക്കം അവസാനം വരത്തക്കവിധം അത് തിരിച്ചെഴുതുക.ഇപ്പോൾ

അക്കങ്ങളുള്ള രണ്ട് സംഖ്യകൾ പുസ്തകത്തിലുണ്ട്.അവ തമ്മിലുള്ള വ്യത്യാസം കാണുക. അതായത് വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യ കുറയ്ക്കുക.കുറച്ചപ്പോൾ നൂറിന്റെ സ്ഥാനത്ത് അക്കങ്ങൾ ഒന്നുമില്ലെങ്കിൽ പൂജ്യം ഇടണം.ഇനി,കുറച്ചപ്പോൾ കിട്ടിയ ഉത്തരവും അത് തിരി-ച്ചെഴുതിയ സംഖ്യയും തമ്മിൽ കൂട്ടുക,കൂട്ടിയപ്പോൾ ലഭിച്ച ഉത്തരത്തിലെ ഓരോ അക്കത്തിനുള്ള അക്ഷരം കോഡ് നോക്കി എടുത്തെഴുതുക.

'സമാധാനം ആയോ?'....

# മഴവില്ല്



മാനത്തുണ്ടൊരു വില്ല്
